KOTTAYAM PUBLIC LIBRARY

Call No. MF9 PUL.V Acc. No. 4937

Author പുലിക്കോട്ടിൽ ഡേവിഡ്

Title വെടിയുണ്ട

No. 4937

# വെടിയുണ്ട

(രണ്ടു റഷ്യൻ കഥകൾ)

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
KOTTAYAM
TRAVANCORE.

പരിഭാഷകൻ:

**ഡേവിഡ് പുലിക്കോടൻ**

NATIONAL BOOK STALL
KOTTAYAM
KALARICKAL BAZAAR

വില: 12ണ.

ഒന്നാം പതിപ്പ്:

കോപ്പി 500

ഏപ്രിൽ 1950

വടക്കാഞ്ചേരി

അരുണോദയം പ്രസ്സിൽ

അച്ചടിച്ചത്

## വെടിയുണ്ട

"ഞങ്ങൾ അന്യോന്യം വെടിവെച്ചു."

—ബാരാററിൻസ്കി

"ഒരു ദ്വന്ദ്വയുദ്ധത്തിൽ അവനെ കൊല്ലുന്നതിന്നു ഞാൻ പ്രതിജ്ഞ ചെയ്തു. അതിന്നുവേണ്ടി എൻെറ ഉണ്ട കരുതി വെയ്ക്കുന്നു."

—ബിവോഗ

ഞങ്ങൾ ആ പട്ടണത്തിൽ വന്നിറങ്ങി. ഒരു പട്ടാള ഉദ്യോഗസ്ഥൻെറ ജീവിതം ഏവക്കും അറിവുള്ളതാണ്. കാലത്തു കായികവിനോദം—ഉച്ചയ്ക്കു് ഏതെങ്കിലും ഭോജനശാലയിൽനിന്നു ഭക്ഷണം—വൈകുന്നേരമായാൽ കുടിയും വെടിപറച്ചിലും, ശീട്ടുകളിയും. ആ പട്ടണത്തിൽ തുറന്നിട്ട ഏതെങ്കിലുമൊരു വീടൊ, വിവാഹം കഴിക്കാറായ ഏതെങ്കിലും ഒരു പെൺകുട്ടിയേയോ കാണുവാൻ കഴിഞ്ഞിരുന്നില്ല. ഞങ്ങൾ സാധാരണയായി ഏതെങ്കിലും ഒരുത്തൻെറ താമസസ്ഥലത്തു് ഒത്തൊരുമിച്ചു കൂടുക പതിവായിരുന്നു. അന്നു ഞങ്ങളുടെ ശ്രദ്ധമുഴുവനും ധരിച്ചിരിക്കുന്ന വേ

ഷവിധാനത്തിലല്ലാതെ മറെറാന്നിലും പതിഞ്ഞിരുന്നില്ല.

ഞങ്ങളുടെ കൂട്ടത്തിൽ ഒരുത്തനുണ്ടായിരുന്നു—അയാം പട്ടാള ഉദ്യോഗസ്ഥനായിരുന്നില്ല. അദ്ദേഹത്തിന്നു സുമാർ വയസ്സ് ഒരു മുപ്പത്തിരണ്ടു കഴിഞ്ഞിരിക്കണം. ഞങ്ങളുടെ ഇടയിൽ ഒരു ജ്ഞാനവൃദ്ധനെപ്പോലെയാണ് അദ്ദേഹത്തെ എല്ലാവരും കരുതിപ്പോന്നിരുന്നതു്. ചിരപരിചിതമായ ഒരു അധികാരസ്വരത്തിന്നു പുറമെ, ഞങ്ങളെപ്പോലെയുള്ള യൌവ്വനക്കാരെ പ്രത്യേകമായി ആകർഷിക്കത്തക്ക ഒരു സ്വാധീനശക്തിയും ആ മനുഷ്യനിൽ നിഗൂഢമായി ഒളിഞ്ഞുകൂടിയിരുന്നു. കാഴ്ചയിൽ ഒരു റഷ്യക്കാരനാണെന്നു സംശയിച്ചുപോകുമെങ്കിലും, അയാളുടെ പേർ ഒരു അന്യരാജ്യക്കാരൻേറതാണ്. ഒരു കാലത്തു് അയാം ഒരു പട്ടാളക്കാരനായിരുന്നു—എന്നു പറഞ്ഞാൽ നല്ല കീർത്തിമുദ്രയും അധികാരസ്ഥാനത്തുനിന്നു ബഹുമതികളും ലഭിച്ച ഒരു പട്ടാള ഉദ്യോഗസ്ഥൻ!—ആ ഉദ്യോഗം കളഞ്ഞു് എന്തിന്നു കേവലം ഒരു സാധാരണക്കാരനെപ്പോലെ ഈ ചെററപ്പുരയ്ക്കുള്ളിൽ താമസിക്കുന്നു? അതിനുള്ള കാരണം ആക്കും ആലോചിച്ചിട്ടും ഒരു എത്തും പിടിയും കിട്ടിയില്ല. ഞങ്ങളുടെ ഇടയിലുള്ള എല്ലാ മേലുദ്യോഗസ്ഥന്മാരും ആ മനുഷ്യൻെറ കണ്ണിലുണ്ണികളാണ്. എന്നിരുന്നാലും അയാം പുറത്തേയ്ക്കു ഞാനും പോകുന്നുണ്ടെങ്കിൽ ഏകാന്തനായി കറുത്തു ജീർണ്ണിച്ചൊരു കോട്ടും ധരിച്ചേ പോയിരുന്നുള്ളൂ. അയാളുടെ ഭക്ഷണക്രമം ഒരു ചെറിയ തോതിലുള്ളതാണെങ്കിലും, ലഹരിദ്രാവകം ധാരാളം ഉണ്ടായിരുന്നു. അയാളു

ടെ സ്വഭാവമെന്താണെന്നും, സ്വകാൎയ്യസമ്പാദ്യമെന്താണെന്നും ആൎക്കും അറിഞ്ഞുകൂടാ! തന്നെയുമല്ല, ആ സംഗതികളെ കുറിച്ചു് അയാളോടു നേരിട്ടുചെന്നു ചോദിക്കുവാൻ ആൎക്കും ധൈൎയ്യമുണ്ടായിരുന്നുമില്ല. അയാളുടെ പക്കൽ ധാരാളം പുസ്തകങ്ങൾ ഉണ്ടായിരുന്നു—അവയിലധികവും പട്ടാളജീവിതത്തെ സംബന്ധിക്കുന്നവയാണു്. അതു് ആൎക്കുവേണമെങ്കിലും സസന്തോഷം അയാൾ വായിക്കുവാൻ കൊടുക്കും, പിന്നെ തിരിച്ചുചോദിക്കുകയും ഇല്ല. അതുപോലെതന്നെ മററുള്ളവരുടെ പക്കൽനിന്നു വായിക്കുവാൻ വാങ്ങിക്കുന്ന പുസ്തകങ്ങൾ തിരിച്ചുകൊടുക്കുക അയാൾക്കും പതിവുണ്ടായിരുന്നില്ല. അയാളുടെ പ്രധാനവിനോദം തോക്കു് എടുത്തു വെടിവെയ്ക്കുകയാണു്. അയാൾ താമസിക്കുന്ന മുറിയുടെ ഓരോ ചുമരും വെടിയുണ്ട തുളഞ്ഞു് ഒരു കടന്നൽക്കൂട്ടുപോലെയായിരുന്നു. കുറേയധികം തോക്കു ശേഖരിച്ചുവെയ്ക്കുക. ആ ചെറിയ വീടിനുള്ളിലെ ഏക സന്തോഷവും ആത്മസംതൃപ്തിയും അതിലാണു് കേന്ദ്രീകരിച്ചിരിക്കുന്നതു്. തലയിൽ വെയ്ക്കുന്ന തൊപ്പിയുടെ സൂചിമുനമ്പിന്നുപോലും അയാളുടെ ലക്ഷ്യം പിഴച്ചിരുന്നില്ല. എന്നിരുന്നാലും ധൈൎയ്യസമേതം ആ മനുഷ്യന്റെ മുമ്പിൽചെന്നു തലകാണിച്ചു പരീക്ഷണം നടത്തുവാൻ ഞങ്ങളുടെ ഇടയിലാൎക്കും ധൈൎയ്യമുണ്ടായിട്ടില്ലെന്നുതന്നെ പറയാം.

ഞങ്ങളുടെ സംസാരവിഷയം എപ്പോഴും പ്രധാനമായി ചെന്നവസാനിക്കുക ദ്വന്ദയുദ്ധത്തിലാണു്. സിൽവിയോ —ആ മനുഷ്യനെ അങ്ങിനെ നമ്മൾക്കു പേർവി

ളിക്കാം—ഇതിലൊന്നും യാതൊരു പങ്കും എടുത്തിരുന്നില്ല. ആരെങ്കിലുമായി അയാൾ ദ്വന്ദയുദ്ധം നടത്തിയിട്ടുണ്ടോ എന്നു ചോദിച്ചാൽ, നിരാശയോടെ ഒരു പരുപരുത്ത സ്വരത്തിൽ അയാൾ പതുക്കെ ഉത്തരം പറയും: "ഉവ്വ്!" അത്ര മാത്രം! അതു കൂടാതെ യാതൊന്നും കൂടുതലായി ശബ്ദിച്ചിരുന്നില്ല. ആ വക ചോദ്യങ്ങളൊന്നും അയാൾക്ക് ഇഷ്ടപ്പെട്ടവയും ആയിരുന്നില്ല. അയാളുടെ ഹൃദയത്തിന്നടിത്തട്ടിൽ എന്തോ ഒരു രഹസ്യം മറച്ചുവെച്ചിട്ടുണ്ടെന്ന്, അയാളുമായുള്ള പെരുമാററത്തിൽനിന്നു ഞങ്ങൾക്ക് അനുമാനിക്കുവാൻ സാധിച്ചു. പക്ഷെ, അതുകൊണ്ടൊന്നും അയാളുടെ സ്വഭാവത്തിൻെറ ഏകദേശമൊരു രൂപം ഞങ്ങൾക്കു സങ്കല്പിക്കുവാൻപോലും കഴിഞ്ഞിരുന്നില്ല. ചില മനുഷ്യരുടെ മുഖപ്രകൃതികണ്ടാൽ അയാളൊരു ഭീരുവാണോ എന്നെല്ലാം നമ്മൾക്കൂഹിക്കുവാൻ കഴിയും. സിൽവിയയെക്കുറിച്ച് എന്തെങ്കിലും വ്യക്തമായി പറയുന്നതിന്നു മുമ്പ് അവിടെ ഒരു സംഭവം നടന്നു. അത് അയാളെക്കുറിച്ചുള്ള സംശയങ്ങളെയെല്ലാം മാച്ച് ഇല്ലാതെയാക്കുവാൻ പര്യാപ്തമായി.

ഒരു ദിവസം വൈകുന്നേരം സിൽവിയോ ഒരുമിച്ചു ഞങ്ങളിൽ ചിലർ ഇരുന്നു ലഘുഭക്ഷണം കഴിക്കുകയായിരുന്നു. ഞങ്ങൾ പതിവുപോലെ കുടിച്ചു—എന്നു പറഞ്ഞാൽ മൂക്കററം വരെ—കുടിച്ചുകഴിഞ്ഞപ്പോൾ ഞങ്ങളിലൊരാൾക്ക് ഒരു നൂതനാശയം തോന്നിപ്പോയി—അവിടെയൊരു മത്സരക്കളി നടത്തിയാൽ കൊള്ളാമെന്ന്. ഞങ്ങളുടെ ആതിഥേയന്ന് അത്തരം കളികളിൽ തീരെ ഇഷ്ട

മില്ലാതിരുന്നതിനാൽ, അയാറം ആദ്യം അതിന്നു വിസമ്മതിച്ചു. എങ്കിലും ഞങ്ങളുടെ നിബ്ബന്ധംമൂലം അയാറം ഒടുവിൽ അതിന്നു കീഴ്വണങ്ങി. അയാറം ഒരുകെട്ടു ശീട്ടു കൊണ്ടുവന്നു മേശപ്പുറത്തു വിതറി. അതോടുകൂടി ആയിരത്തി അഞ്ഞൂറു് ഉറുപ്പികയും. എല്ലാവരും മേശക്കുചുററും വളഞ്ഞുകൂടി കളിയും ആരംഭിച്ചു. കളിക്കുന്ന സമയത്തെല്ലാം സിൽവിയോ യാതൊന്നും ശബ്ദിക്കാതെ—തക്കവും വാദവും ഒന്നും കൂടാതെ—അനങ്ങാതെ ഇരിക്കുകയായിരുന്നു. ചിലപ്പോറം മത്സരത്തിന്നിടയിൽ പണം കണക്കുകൂട്ടുന്നതിലെന്തെങ്കിലും തെററുപററിയാൽ സിൽവിയോ ഉടനെത്തന്നെ കയ്യിൽനിന്നു് ആ സംഖ്യ എണ്ണിക്കൊടുക്കും. കൂടുതലായാൽ അയാറം അതു കുറിച്ചുവെയ്ക്കുകയും ചെയ്യും. ഞങ്ങറം എല്ലാവരും അത്ഭുതംകൊണ്ടു മിഴിച്ചുപോയിയെങ്കിലും ആരും അയാളുടെ അത്തരം പ്രവൃത്തികളെ എതിക്കുകയുണ്ടായില്ല. ഞങ്ങളുടെ കൂട്ടത്തിൽ, ഈയിടെ മാററം വന്ന ഒരു പുതിയ മേലുദ്യോഗസ്ഥനും ഉണ്ടായിരുന്നു. കളിക്കിടയിൽ എന്തോ അശ്രദ്ധമൂലം അയാറം ഒരു സ്കോർ കൂടുതൽ എണ്ണിപ്പോയി. സിൽവിയോ ഉടനെത്തന്നെ ആ എഴുതിയതു മാച്ചുകളഞ്ഞു ചോക്കെടുത്തു ശരിയായ സ്കോർ എഴുതിവെയ്ക്കുകയും ചെയ്തു. ആ പട്ടാള ഉദ്യോഗസ്ഥന്നു് അതു് അത്ര രസിച്ചില്ല. അയാറം കലശലായി ബഹളം കൂട്ടുവാൻ തുടങ്ങി. ഈ സമയത്തെല്ലാം സിൽവിയോ യാതൊന്നും ഉത്തരം പറയാതെ നിശ്ചലനായി ഇരിക്കുകയായിരുന്നു. സിൽവിയോയുടെ മൌനം ആ ഉദ്യോ

ഗസ്ഥനിൽ കൂടുതൽ കലികയററി, അയാരം എഴുന്നേററു് ഒരു തുണിയെടുത്തു് സിൽവിയോ എഴുതിയതു മാച്ചുകളഞ്ഞു് ആദ്യം എഴുതിയിരുന്നതുപോലെതന്നെ എഴുതി. ഞങ്ങരം എല്ലാവരും കൂട്ടത്തോടെ കൈ അടിച്ചു പൊട്ടിച്ചിരിക്കുവാൻ തുടങ്ങി. ആ പട്ടാള ഉദ്യോഗസ്ഥൻ അക്ഷമമൂലവും അതിലേറെ അപമാന ഭീതിയാലും വെറുപ്പുകൊണ്ടും പെട്ടെന്നു ചാടിയെഴുന്നേററു് അവിടെ കിടന്നിരുന്ന ഒരു ഇരുമ്പുമെഴുകുതിരിക്കാൽ എടുത്തു സിൽവിയയുടെ തലക്കു വെച്ചുകൊടുത്തു. സിൽവിയോ പതുക്കെയൊന്നു കുനിഞ്ഞു് ആ അപകടത്തിൽനിന്നു് ഒഴിഞ്ഞുമാറി. ഞങ്ങരം നിശ്ചലരായി മിഴിച്ചിരിക്കുകയാണ്. സിൽവിയോ പതുക്കെ എഴുന്നേററു. അയാളുടെ കണ്ണുകരം അരുണാഭങ്ങളായിക്കഴിഞ്ഞിരുന്നു.

"സർ! "ദയവുചെയ്തു് ഈ വീട്ടിൽവെച്ചു് ഇതൊന്നും വേണ്ട!" സിൽവിയോ ചുണ്ടുകരം വിറപ്പിച്ചുകൊണ്ടു് അത്രയും പറഞ്ഞുതീർത്തു.

അടുത്ത നിമിഷത്തിൽ എന്തെല്ലാം അനിഷ്ടസംഭവങ്ങളാണു് അവിടെ നടക്കുവാൻ പോകുന്നതെന്നു ഞങ്ങരംക്കു നല്ലവണ്ണം അറിയാമായിരുന്നു. ഞങ്ങരം ഇതികർത്തവ്യമൂഢരായി ആ പുതിയ സ്നേഹിതൻെറ മുഖത്തുനോക്കി മിഴിച്ചിരുന്നുപൊയി. ആ പട്ടാള ഉദ്യോഗസ്ഥൻ അവിടെനിന്നു ചാടി എഴുന്നേററു്, തനിക്കു പററിയ ഈ അപമാനത്തിന്നു് ഒരു നല്ല പാഠം പഠിപ്പിക്കും എന്നു ഗജ്ജിച്ചുംകൊണ്ടു നമ്രശിരസ്കനായി അവിടെനിന്നു് ഒരു ഇറങ്ങിപ്പോ

ക്കനടത്തി. കളി പിന്നേയും കുറച്ചുസമയംകൂടി നീണ്ടുനിന്നുവെങ്കിലും സിൽവിയക്ക് അതിൽ താല്പൎയ്യമില്ലെന്നറിഞ്ഞപ്പോൾ, ഒരോരുത്തരായി അവിടെനിന്നു പിരിഞ്ഞു പോകുവാൻ തുടങ്ങി.

പിറേറദിവസം! ഞങ്ങൾ ഓരോരുത്തരം ആ പട്ടാള ഉദ്യോഗസ്ഥൻ ഇനി ജീവനോടുകൂടി അവശേഷിച്ചിരിപ്പുണ്ടോ എന്നന്വേഷിച്ചുകൊണ്ടിരിക്കുന്നതിന്നിടയിൽ അയാൾതന്നെ അവിടെ പ്രത്യക്ഷനായി. ഞങ്ങൾ അദ്ദേഹത്തോട് ഈ ചോദ്യംതന്നെ ചോദിച്ചു. സിൽവിയയെ കുറിച്ചു തനിക്കയാതൊന്നും അറിഞ്ഞുകൂടന്ന് അയാൾ അശ്രദ്ധയോടെ ഉത്തരം പറഞ്ഞു. ഞങ്ങൾ ആശ്ചൎയ്യഭരിതരായി, നേരെ സിൽവിയയുടെ വീട്ടിലേയ്ക്കു പുറപ്പെട്ടു. സിൽവിയോ മുററത്തുനിന്നുകൊണ്ടു പടിയിൽ തൂക്കിയിട്ടിരിക്കുന്ന ഒരു ചീട്ടിലെ പുള്ളിക്ക് ഉന്നംവെച്ച് ഒരോ ഉണ്ടകൾ അയക്കുകയായിരുന്നു. അയാൾ ഞങ്ങളെ പതിവുപോലെ സ്വീകരിച്ചു. തലേദിവസം സംഭവിച്ച അനിഷ്ടകാൎയ്യങ്ങളുടെ യാതൊരു വികാരവും അയാളുടെ മുഖത്തു നിഴലിച്ചുപോലുമില്ലായിരുന്നു. മൂന്നുദിവസം പിന്നേയും കഴിഞ്ഞു. ആ പട്ടാള ഉദ്യോഗസ്ഥൻ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്.

സിൽവിയക്ക് എതിക്കാതിരിക്കുവാൻ കഴിയുമോ? ഞങ്ങൾ അത്ഭുതംകൊണ്ടു ചോദിച്ചു.

സിൽവിയോ എതിക്കുകയുണ്ടായില്ല. ഏതോ അജ്ഞാതമായ തൃപ്തിയോടെ അയാൾ കഴിഞ്ഞുപോയ

സംഭവങ്ങൾ എല്ലാം മറന്നു. ചോരത്തിളപ്പുള്ള ഞങ്ങളെപ്പോലെയുള്ള ചെറുപ്പക്കാരുടെ പരിഹാസ ചോദ്യങ്ങൾ അയാളുടെ ഹൃദയത്തെ വല്ലാതെ വ്രണപ്പെടുത്തുന്നുണ്ടെന്നു ഞങ്ങൾക്കുതന്നെ തോന്നി.

കാലങ്ങൾ പിന്നേയും കഴിഞ്ഞു. പണ്ടുകഴിഞ്ഞ സംഭവങ്ങളും അതിൻെറ അപ്പുറവും കാലചക്രത്തിൻെറ അനസ്യൂതമായ തിരിച്ചലിനടിയിൽപ്പെട്ടു മാഞ്ഞുമറഞ്ഞു പോയി. സിൽവിയോ പണ്ടത്തെപ്പോലെതന്നെയായി.

എന്നാൽ അനുഗ്രഹത്തിൻെറ സൌഹാർദ്ദത്തിന്നു പാത്രമാകുവാൻ പിന്നീട് എനിക്കുമാത്രം സാധിച്ചില്ല. വാസ്തവത്തിൽ എന്നെപ്പോലെയുള്ള ഉല്ലാസപ്രിയന്മാരോട് ആ നിരാശയുടെ ഗർത്തത്തിൽ കിടന്നു നുളയുന്ന മനുഷ്യന്ന് എന്തോ വെറുപ്പുണ്ടെന്ന് എനിക്കു തോന്നിയിരുന്നു. ആദ്യമെല്ലാം ഞങ്ങൾ ആത്മാർത്ഥസ്നേഹിതന്മാരായിരുന്നു. എൻെറ സമ്പർക്കംമൂലം അയാൾക്ക് ആത്മാർത്ഥമായി ഓരോ വിഷയങ്ങളെക്കുറിച്ചു പ്രതിപാദിപ്പാനും, പഴയ വിഷാദാത്മകത്വം നശിച്ചുപോകുവാനും തുടങ്ങി. പക്ഷെ, പണ്ടുണ്ടായ അനിഷ്ടസംഭവം—അതിൽ സിൽവിയോ പ്രകടിപ്പിച്ച ഭീരുത്വം—ഓർക്കുന്തോറും എനിക്ക് അയാളുടെ നേരെ ഒരു അജ്ഞാത വെറുപ്പുണ്ടായി. അയാളുടെ മുഖത്തുനോക്കുവാൻപോലും എനിക്കു വല്ലാത്തൊരു ലജ്ജ തോന്നിപ്പോയിരുന്നു. സിൽവിയോ ആ വക രഹസ്യങ്ങളൊന്നും പുറത്തു പറഞ്ഞിരുന്നില്ല. എന്നിരുന്നാലും ഓരോ ദിവസം ചെല്ലുന്തോറും എൻെറ ഹൃദയം കൂടുതൽ വേദനിക്കു

വാൻ തുടങ്ങി—സിൽവിയയോട് ഇത്രയും നിഷ്ഠുരമായി പെരുമാറുന്നതിൽ. എന്റെ മനസ്സാക്ഷി എന്നോടുതന്നെ ചോദ്യം ചെയ്യുവാൻ തുടങ്ങി. ഒരു ദിവസം ഞാൻ എന്റെ സ്നേഹിതനോടുമിച്ച് സിൽവിയയുടെ വീട്ടിലേയ്ക്കു പോയി. അതോടുകൂടി ഞങ്ങളുടെ ഹൃദയത്തിൽ അങ്കുരിച്ചിരുന്ന ആ വെറുപ്പും തീരെ ഇല്ലാതായി.

എല്ലാ വെള്ളിയാഴ്ചയും ചൊവ്വാഴ്ചയും ഞങ്ങളുടെ ആഫീസിൽ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു നിറഞ്ഞിരുന്നു—ചിലർ പണവും ശമ്പളവും വാങ്ങിക്കുവാൻവേണ്ടി, ചിലർ വല്ല എഴുത്തുകളുണ്ടോ എന്നറിയുവാൻ. വത്തമാനക്കടലാസ്സുകെട്ട് അവിടെ വെച്ചാണ് സാധാരണ പൊളിക്കുക, അവർ അതു കേൾക്കുവാൻ ചുററും വാ പൊളിച്ചു നില്ക്കുന്നുണ്ടാകും അങ്ങിനെ എന്തുകൊണ്ടു നോക്കിയാലും അവിടെ എപ്പോഴും നല്ല തിരക്കുമാണ്.

സിൽവിയക്കുള്ള കത്തുകളും, വത്തമാനപത്രങ്ങളും ആ പട്ടാളക്യാമ്പിന്റെ മേൽവിലാസത്തിൽതന്നെയാണ് വരിക. ദിവസവും സിൽവിയ തനിക്കു വല്ല കത്തുകളുമുണ്ടോ എന്നന്വേഷിക്കുവാൻ അവിടേയ്ക്കുവരും. അങ്ങിനെയിരിക്കെ, ഒരുദിവസം സിൽവിയക്ക് ഒരു കെട്ടുവന്നു. സിൽവിയ കെട്ട് കയ്യിൽകിട്ടിയ ഉടനെത്തന്നെ അതിന്റെ അരക്കുമുദ്ര പൊട്ടിച്ചു തുറന്നു. അതൊരു കത്തു മാത്രമായിരുന്നു. അതിലെ ഓരോ വാചകങ്ങൾ വായിക്കുന്തോറും സിൽവിയയുടെ കണ്ണുകൾ കൂടുതൽ കൂടുതൽ പ്രകാശിച്ചു വരുവാൻ തുടങ്ങി. അയാളുടെ അരികത്തു കത്തുകൾ വായ

ച്ചും, വത്തമാനപത്രത്തിലേയ്ക്കു ശ്രദ്ധ പതിപ്പിച്ചുംകൊണ്ടു് നില്ക്കുന്നവരോടു് സിൽവിയ കണ്ണുകൾ പ്രകാശിപ്പിച്ചുകൊണ്ടു ഉറക്കെ വിളിച്ചുപറഞ്ഞു. "പ്രിയപ്പെട്ട സ്നേഹിതന്മാരെ! ഞാൻ അടുത്തുതന്നെ ഈ സ്ഥലം വിടും—ഇന്നു രാത്രിതന്നെ." അയാൾ പിന്നെ എൻെറ നേക്കു തിരിഞ്ഞുകൊണ്ടു തുടൻു. "ഞാൻ നിങ്ങളേയും ക്ഷണിക്കുന്നു. നിങ്ങൾ യാതൊരു കാരണവശാലും മുടങ്ങിപ്പോകരുതു്." ഇത്രയും പറഞ്ഞു് സിൽവിയോ ധ്രുതഗതിയിൽ അവിടെനിന്നു് ഇറങ്ങിപ്പോയി.

കൃത്യസമയത്തു ഞാൻ സിൽവിയയുടെ വീട്ടിൽ ചെന്നു. ഞാനടക്കം എൻെറ ക്യാമ്പിലെ എല്ലാ ഉദ്യോഗസ്ഥന്മാരും ആ വിരുന്നിൽ പങ്കുകൊള്ളുവാൻ അവിടെ സന്നിഹിതരായിരുന്നു സിൽവിയയുടെ യാത്രയ്ക്കുള്ള എല്ലാ ഒരുക്കങ്ങളും ചെയ്തുകഴിഞ്ഞു. വെടിയുണ്ടകൾ തറച്ചു് പൊത്തു തുളഞ്ഞ നഗ്നമായ ചുമരുകൾമാത്രം അവിടെ അവശേഷിച്ചു നില്പുണ്ടു്. ഞങ്ങൾ എല്ലാവരും മേശക്കു ചുററും കൂടി. അന്നു് "സിൽവിയ"ക്കും എന്തോ പ്രത്യേകമായ ഉന്മേഷം ഉണ്ടായിരുന്നതിനാൽ, ആ സദസ്സ്യക്കെല്ലാം എന്തൊന്നില്ലാത്ത തൃപ്തിയും ആനന്ദവും അനുഭവപ്പെട്ടു. കുപ്പികൾവന്നു. അതിൻെറ കോർക്കുകൾ മേല്പോട്ടു തെറിച്ചു. അങ്ങിനെ ഗ്ലാസ്സുകൾ തെരുതെരെ ചുണ്ടിനോടടുത്തുകൊണ്ടിരിക്കുന്നതിനോടൊപ്പം ഓരോരുത്തരും സിൽവിയയുടെ യാത്രക്കു മംഗളാശംസകളും നേൻുകൊണ്ടിരുന്നു.

അന്നു് എല്ലാവരും പിരിയുവാനായി എഴുന്നേററ

പ്പോഠം സന്ധ്യമയങ്ങിക്കഴിഞ്ഞിരുന്നു. ഞങ്ങഠം ഓരോരു ത്തരായി പിരിഞ്ഞുകൊണ്ടിരിക്കെ, സിൽവിയാ എൻെറ കരം പതുക്കെ പിടിച്ച് എന്നോടു പിറുപിറുത്തു. "ദയവു ചെയ്ത് ഇവിടെ കുറച്ചുസമയം നില്ക്കു! എനിക്കു നിങ്ങളോടു പ്രത്യേകമായി ചില കാൎയ്യങ്ങഠം സംസാരിപ്പാനുണ്ട്." ഞാൻ അവിടെ അദ്ദേഹത്തിൻെറ അഭ്യൎത്ഥനയനുസരിച്ച് ക്ഷമിച്ചു നില്പായി.

എല്ലാവരും പിരിഞ്ഞുപോയി. ഞങ്ങഠം ഒരു മേശ ക്കു മുമ്പിൽ അഭിമുഖമായി ഇരുന്നു. പരിപൂൎണ്ണ നിശ്ശബ്ദ ത. സിൽവിയോ ആകപ്പാടെ പെട്ടെന്നു മാറിപ്പോയതാ യി എനിക്കു തോന്നി. അയാളുടെ മുഖത്ത് അതേവരെ നി ഴലിച്ചിരുന്ന സംതൃപ്തിയും ആനന്ദവും പെട്ടെന്നു മങ്ങി. ആ മുഖം പണ്ടത്തേതുപോലെത്തന്നെ മ്ലാനമായി. അയാളുടെ നിൎജ്ജീവമായ—എന്നാൽ ഭയങ്കരം നിറഞ്ഞ മുഖം, ചുരുട്ടി ൻെറ കറുത്തിരുണ്ട പുകയിൽക്കൂടി ഏതോ പിശാചിൻേറ തുപോലെ എനിക്കു തോന്നപ്പെട്ടു. നിമിഷങ്ങഠം—ഫലമി ല്ലാത്ത നിൎജ്ജീവങ്ങളായ വിനാഴികകഠം നീങ്ങി. സിൽവിയോ പെട്ടെന്ന് ആ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു തുടൎന്നു.

"സ്നേഹിതാ! ഒരു പക്ഷെ, ഇനി നമ്മഠം തമ്മിൽ ക ണ്ടില്ലെന്നും വരാം. നമ്മഠം അന്യോന്യം പിരിയുന്നതിന്നു മുമ്പ് എനിക്കു ചില കാൎയ്യങ്ങഠം നിങ്ങളോടു തുറന്നു പറ യേണ്ടതായിട്ടുണ്ട്. നിങ്ങഠം എന്നെകുറിച്ച്, മററുള്ളവരു ടെ അഭിപ്രായങ്ങഠം ആരാഞ്ഞു പ്രവൃത്തിക്കുന്നവനാണെ് ന്നു ഞാനെന്നു പറഞ്ഞിട്ടുണ്ട്. ഞാൻ നിങ്ങളെ തികച്ചും ഒരു

സ്നേഹിതൻ എന്ന നിലയിൽ ആത്മാർത്ഥമായി സ്നേഹിക്കുന്നു. നിങ്ങളുടെ ഹൃദയത്തിൽ എന്നെ സംബന്ധിച്ചേടത്തോളം ഒരു എതിരഭിപ്രായം വരുത്തിവെച്ചതിൽ എനിക്കു ദുഃഖമുണ്ട്.

അയാൾ കുറച്ചുസമയം യാതൊന്നും ശബ്ദിക്കാതെ നിശ്ചലനായി നിന്നു. അനന്തരം തൻെറ ചുരുട്ട് വായിൽവെച്ചു പുക വലിച്ചുകൊണ്ട് തുടൎന്നു. ഞാൻ നിശ്ശബ്ദത പാലിച്ചു തല താഴ്ത്തി മുമ്പിൽ ഇരിക്കുകയാണ്.

"നിങ്ങൾക്കു പുത്തിരിയായി തോന്നിയിട്ടുണ്ടാകും. അന്ന് ആ മദ്യപിച്ച കഴവേറിയോട് ഞാൻ അപ്രകാരം പെരുമാറിയതിൽ! നിങ്ങൾ വിശ്വസിക്കുമല്ലോ—അന്ന് ഞാനെന്തെങ്കിലും പ്രവൃത്തിക്കുകയാണെങ്കിൽ അയാൾ പിന്നെ ബാക്കിയുണ്ടാകയില്ലെന്ന്. എനിക്കാ യാതൊന്നും പാറുകയും ഇല്ലായിരുന്നു. ഞാൻ എൻെറ അന്നത്തെ പ്രവൃത്തികളെക്കുറിച്ചു യാതൊന്നും പ്രസ്താവിക്കുന്നില്ല. ഞാനദ്ദേഹത്തോട് എന്തെങ്കിലും ശിക്ഷ കൊടുക്കുവാനൊരുമ്പെട്ടുവെങ്കിൽ, തീൎച്ചയായും ആ മനുഷ്യൻ ഈ ഭൂമിയിൽ പിന്നെ അവശേഷിക്കുകയില്ലായിരുന്നു."

ഞാൻ നിശ്ചലനായി സിൽവിയയുടെ മുഖത്തുനോക്കി മിഴിച്ചിരുന്നു. അങ്ങിനെയുള്ള ഒരു തുറന്ന പാശ്ചാത്താപം വാസ്തവത്തിൽ എൻെറ ഹൃദയത്തെ വല്ലാതെ വ്രണപ്പെടുത്തി.

സിൽവിയോ തുടൎന്നു.

"അതെങ്കിലുമാവട്ടെ—ഞാൻ തന്നത്താൻ മരിക്കു

വാൻ ഒരുകാലത്തും മുതിരുകയില്ല. ആറുകൊല്ലങ്ങൾക്ക മു
മ്പ് ഒരു മനുഷ്യൻ എന്റെ മുഖത്ത് ഒരു അടി അടിച്ചു.
ആ ശത്രു ഇന്നും ജീവിച്ചിരിപ്പുണ്ട്."

എന്റെ അറിവാശ എന്നെ ഇളക്കിവിട്ടു. ഞാൻ
അദ്ദേഹത്തോട് ഇപ്രകാരം ചോദിച്ചു.

"നിങ്ങൾ എന്നിട്ടദ്ദേഹത്തെ ഒന്നും ചെയ്തില്ലെന്നോ"?
ഒരുപക്ഷെ, പരിതഃസ്ഥിതികളായിരിക്കാം നിങ്ങളെ അദ്ദേ
ഹത്തിൽ നിന്നകററിയത്."

"ഉവ്വ്! ഞാൻ അദ്ദേഹത്തോടു പകരം ചോദിച്ചു.
ഇതാ, ഞങ്ങളുടെ ദ്വന്ദയുദ്ധത്തെക്കുറിച്ചുള്ള പരിപൂർണ്ണ വി
വരണം." സിൽവിയാ ഉത്തരം പറഞ്ഞു. അനന്തരം
അകത്തുചെന്ന് ഒരു കടലാസ്സുപെട്ടി തുറന്ന് അതിനുള്ളിൽ
സൂക്ഷിച്ചുവെച്ചിരുന്ന ഒരു ചുകന്ന തൊപ്പിയെടുത്തു പുറത്തു
കടന്നു. അയാൾ പിന്നെ ആ തൊപ്പി മേശപ്പുറത്തുവെച്ചു.

"നിങ്ങൾ നല്ലവണ്ണം ശ്രദ്ധിച്ചു കേൾക്കണം."

സിൽവിയാ പിന്നേയും തുടന്നു. "ഇതാണ് ഞാൻ
പട്ടാളത്തിൽ ഉപയോഗിച്ചിരുന്നത്. എന്റെ സ്വഭാവം
നിങ്ങൾക്ക നല്ലവണ്ണം അറിയാമെന്ന് ഞാൻ വിശ്വസിക്കു
ന്നു. എല്ലാററിലും അന്ന് ഞാനായിരുന്നു ഒന്നാമൻ. അ
ന്ന് ഏററവും ക്രൂരനായിരിക്കുക, അതായിരുന്നു പരിഷ്കാ
രം. ഞങ്ങളുടെ പട്ടാളവിഭാഗത്തിൽ ഏററവും ക്രൂരൻ ഞാ
നാണെന്നു പറഞ്ഞാൽ ശരിയാണ്. അന്ന് ഞങ്ങളുടെ മു
ക്കററമുള്ള മദ്യപാനത്തിൽ ഞങ്ങൾക്കൊരു അഭിമാനം
തോന്നിയിരുന്നു. ഞങ്ങളുടെ വിഭാഗത്തിൽ എത്ര പ്രവ

ത്തിയിലും ഞാൻ ഒന്നാമൻ അഥവാ, രണ്ടാമൻ മാത്രം! എൻെറ സകല സ്നേഹിതന്മാരും എന്നോടു് എന്തോ അസൂയമൂലം ദ്വേഷിച്ചു. എൻെറ മേലുദ്യോഗസ്ഥന്മാക്കുപോലും പുറത്തേയ്ക്കു പ്രകടിപ്പിക്കാത്ത ഒരു വെറുപ്പ് എൻെറ നേക്കുണ്ടായിരുന്നു.

ഒരു ദിവസം! ഞാൻ സമാധാനത്തോടുകൂടിയോ,—അഥവാ അസമാധാനത്തോടുകൂടിയോ— അങ്ങിനെ ഞങ്ങളുടെ ഇടയിൽ പുതുതായിവന്ന ഒരു പട്ടാളക്കാരനായി—പേരു് ഓക്കുന്നില്ല—സന്തോഷിക്കുകയായിരുന്നു. എൻെറ ആയുഷ്കാലത്തിന്നിടയ്ക്കു് ഇത്രയും ചൊടുചൊടുക്കുള്ള ഒരുവനായി എത്തിക്കൂട്ടിയിട്ടില്ലെന്നുതന്നെ പറയാം. നിങ്ങളെപ്പോലെതന്നെ പോരാത്തിളപ്പുള്ള ഒരു ചെറുപ്പക്കാരൻ—ഒന്നാന്തരമൊരു പേരു്—മിന്നിത്തിളങ്ങുന്ന കണ്ണുകൾ. ഞങ്ങളുടെ ഇടയിൽ എന്തെങ്കിലും പ്രധാനസ്ഥാനം കൈവരിക്കണമെന്നു് അദ്ദേഹത്തിന്നുണ്ടായിരുന്നു.

“എൻെറ അധികാരബോധം ഉണന്നു. ആദ്യമാദ്യം അയാൾ എൻെറ സ്നേഹം സമ്പാദിപ്പാൻ തുടങ്ങി. ഞാൻ അയാളെ എൻെറ സ്നേഹിതനാക്കുകയും ചെയ്തു. പക്ഷെ, അയാൾ യാതൊരു കാരണവും കൂടാതെ എന്നിൽനിന്നകലുവാൻ തുടങ്ങി. ഞാൻ അയാളെ വെറുത്തുവെന്നുതന്നെ പറയാം. ഞങ്ങളുടെ ഇടയിൽ അദ്ദേഹത്തിന്നുണ്ടായ തുടച്ച്യായുള്ള വിജയം എന്നെ നിരാശയുടെ ഗത്തത്തിലേയ്ക്കിടിച്ചുതാഴ്ത്തി. സ്ത്രീകളുടെ ഇടയിൽ അദ്ദേഹത്തിന്നു സ്വാധീനശക്തി ക്രമേണ വദ്ധിക്കുവാൻ തുടങ്ങി.

KOTTAYAM PUBLIC LIBRARY KOTTAYAM TRAVANCORE

അങ്ങിനെ ഒരു ദിവസം വൈകുന്നേരം ഞാൻ ആ മനുഷ്യനെ കണ്ടുമുട്ടി. ആ ശാലയിലുള്ള സ്ത്രീകളെയെല്ലാം അയാൾ പാട്ടിലാക്കിയിരുന്നു. തന്നെയുമല്ല അവിടത്തെ ആതിഥേയയെ അയാൾ വശീകരിക്കുവാൻ തുടങ്ങി. എനിക്കതു രസിച്ചില്ല. അവൾ എന്റെ ഒരു പ്രേമഭാജനമായിരുന്നു. ഞാൻ അയാളുടെ അടുത്തുചെന്ന് അവിടെവെച്ച് ദുഷിക്കുന്ന മട്ടിൽ എന്തോ പിറുപിറുത്തു. അയാൾ യാതൊരു മുന്നറിയിപ്പുംകൂടാതെ പെട്ടെന്നു ചാടി എഴുന്നേററ് എന്റെ മുഖത്ത് ഒരൊററ അടി! ഞങ്ങൾ രണ്ടുപേരും വാൾ ഊരി. അപ്പോഴേയ്ക്കും അവിടത്തെ സ്ത്രീകൾ ഞങ്ങളെ സമാധാനപ്പെടുത്തി ഇരുഭാഗത്തേയ്ക്കും വലിച്ചുനീക്കി. അന്നുതന്നെ ഞങ്ങൾ ഒരു പോർ നടത്തുവാൻ പ്രതിജ്ഞചെയ്തു പുറത്തിറങ്ങി.

“നേരം വെളുത്തുതുടങ്ങി. നിശ്ചിതസ്ഥലത്തു ഞാൻ ചെന്നുനിന്നു. എന്റെ എതിരാളിയെ കണ്ടുമുട്ടുവാൻ ഞാൻ അക്ഷമയോടെ കാത്തുനില്ക്കുകയായിരുന്നു. സൂര്യൻ ഉയർന്നു പൊങ്ങുവാൻതുടങ്ങി. ചൂട് ക്രമേണ വർദ്ധിച്ചുവർദ്ധിച്ചുവന്നു. അതാ—എതിരാളി, അയാൾ അകലത്തുനിന്നു വരുന്നതായി ഞാൻ കണ്ടു. അയാൾ നടന്നിട്ടുതന്നെയാണ് വരുന്നത്. തന്റെ പട്ടാളവേഷത്തിൽ വാൾ അരയിൽ തിരുകിയിട്ടുണ്ട്. ഞങ്ങൾ അദ്ദേഹത്തിന്റെ നേർക്കുനടന്നു. എന്റെ അനുയായികൾ 12വാര അകലം അളന്നു. അതിന്റെ ഇരുഭാഗത്തും നിന്നുപൊരുതുവാൻ എനിക്കായിരുന്നു. ആദ്യം വെടിവെയ്ക്കേണ്ടവിധം. എന്റെ കൈ, അതിന്നുവേണ്ടി വെ

ന്നുകയായിരുന്നു. പക്ഷെ അതിന്ന് എൻെറ എതിരാളി സമ്മതിച്ചില്ല. ഒടുവിൽ നറുക്കിട്ടുകളാമെന്നു തീർച്ചയാക്കി. ഭാഗ്യത്തിന്ന് ഒന്നാമത്തെവിതം അയാൾക്കുതന്നെ ലഭിച്ചു. അയാൾ തോക്കെടുത്ത് ഉന്നംവെച്ചു. ഠെ.......ഉണ്ടപൊട്ടി പക്ഷെ അതെൻെറ തൊപ്പിക്കുള്ളിൽക്കൂടിയാണ് പോയത്.

പിന്നെ എനിക്കുള്ള വിതമാണ്. അവൻെറ ജീവൻ തന്നെ ഇപ്പോൾ എൻെറ കയ്യിലാണിരിക്കുന്നത്. ഞാൻ അയാളെ ആകമാനം ഒന്ന് സൂക്ഷിച്ചുനോക്കി. അയാൾ ആ സമയത്ത് ഓരോ ചെറിയകല്ലെടുത്ത് അശ്രദ്ധയോടെ എങ്ങോട്ടോ എറിയുകയായിരുന്നു. അയാളുടെ ഇത്തരം പ്രവൃത്തി എന്നെ ഭ്രാന്തുപിടിപ്പിച്ചു. ഈ അവസാനനിമിഷത്തിൽപോലും അയാൾക്കുതന്നെ തീരെ വിലയില്ലാത്ത അയാളുടെ ജീവിതത്തെ ഞാൻ എന്തിന്ന് നശിപ്പിക്കുന്നു? എൻെറ ഹൃദയത്തിൽ ഒരു ചോദ്യചിഹ്നം ഉയൎന്നു. അനേകദുസ്വപ്നങ്ങൾ ഒരു നിമിഷംകൊണ്ടു് എൻെറ ഹൃദയത്തിൽക്കൂടി ഇഴഞ്ഞുപോയി. എൻെറ ഉയൎത്തിയതോക്ക് താനെ താഴ്ന്നുപോയി.

ഈ നിമിഷത്തിൽ നിങ്ങൾ മരണത്തിന്ന് യോഗ്യനല്ല. ഞാൻ എൻെറ എതിരാളിയോടുപറഞ്ഞു. എനിക്കിപ്പോൾ നിങ്ങളെ നശിപ്പിക്കണമെന്ന ആഗ്രഹമില്ല.

നിങ്ങൾ നശിക്കുകയൊന്നുമില്ല. അയാൾ അതിന്ന് അശ്രദ്ധയോടെ ഉത്തരമായി പറഞ്ഞു. നിങ്ങൾക്ക് ഇഷ്ടമുണ്ടെങ്കിൽ വെടിവെയ്ക്കുക അല്ലെങ്കിൽ ഇഷ്ടമുള്ളത് ഉടനെ ചെയ്യണം. വെടിവെയ്ക്കേണ്ടത് ഇനി നിങ്ങളാണ്. നിങ്ങളു

ടെ എന്തുപ്രവൃത്തികളും സഹിക്കുവാൻ എപ്പോഴും വിധേയ നാണു്.

ഞാൻ എന്റെ അനുയായികളോട് ഇപ്രകാരം വിളിച്ചുപറഞ്ഞു. ഏതായാലും ഇവിടെവെച്ചു ഒരു യുദ്ധം നടത്തണമെന്നു് വിചാരിക്കുന്നില്ല. ആ ദ്വന്ദയുദ്ധം അങ്ങിനെ അവിടെവെച്ചു അവസാനിച്ചു.

## II

ഞാൻ എന്റെ ജോലിയിൽനിന്നു അടുത്തുതൻപറഞ്ഞു പിരിഞ്ഞു. എന്നിട്ട് ഈ ചെറിയ വീട്ടിൽവന്നു താമസിക്കുകയാണു്. അവിടെനിന്നിങ്ങോട്ട് ആ മനുഷ്യനോട് പകരം ചോദിക്കേണ്ട നിമിഷവും കാത്തുകൊണ്ടിരിക്കുകയാണു്. ഇതാ ഇപ്പോഴും ആ നിമിഷം അടുത്തെത്തിയിരിക്കുന്നു......

അന്നു് പകൽ സിൽവയിക്കുവന്ന എഴുത്തു് അയാൾ കീശയിൽനിന്നു് വലിച്ചെടുത്തു. പിന്നെ എന്റെ നേൎക്കുനീട്ടി. ഞാൻ അതുവായിച്ചു. ആ കത്തു് സിൽവിയയുടെ ഒരു ഭൃത്യൻ മോസ്കോവിൽനിന്നും എഴുതിയതാണു്. "നിയമപ്രകാരം ഏതോ ഒരു മനുഷ്യൻ നല്ല ഭംഗിയും ആരോഗ്യവുമുള്ള ആ യുവതിയെ അടുത്തദിവസം വിവാഹംചെയ്യും." ഇതായിരുന്നു കത്തിലെ ഉള്ളടക്കം.

സിൽവിയോ തുടൎന്നു.

"നിങ്ങൾ തീരുമാനിക്കും ഏതാണു് ഈ ഒരു മനുഷ്യനെന്നു്. ഞാൻ ഇതാ മോസ്കോവിലേയ്ക്കു പോവുകയാണു്. ഒരു കാലത്തു് അശ്രദ്ധയോടെ മരണംവരിക്കുവാൻ എന്റെ മുമ്പിൽനിന്നിരുന്ന ആ മനുഷ്യൻ അയാളുടെ ജീവിതങ്ങളി

ലെ സർവ്വപ്രധാനമായ വിവാഹമുഹൂർത്തത്തിൽ അതു് എങ്ങിനെ സ്വീകരിക്കുമെന്നറിയുന്നു."

ഇത്രയുംപറഞ്ഞുകൊണ്ടു് സിൽവിയാ പെട്ടന്നു് ചാടി എഴുന്നേററു. പിന്നെ മേശപ്പുറത്തുനിന്നു് തൊപ്പിയെടുത്തു വലിച്ചെറിഞ്ഞു, അനന്തരം കൂട്ടിലടച്ച ഒരു കാട്ടുവ്യാഘ്രത്തെപ്പോലെ ആ മുറിക്കുള്ളിൽ നടക്കുവാൻതുടങ്ങി. ഞാൻ നിശ്ചലനായി അദ്ദേഹത്തിൻെറ മുഖത്തേയ്ക്കു നോക്കിക്കൊണ്ടിരുന്നു. എൻെറ ഹൃദയാന്തർഭാഗത്തിൽ ഉൗഷ്മളങ്ങളായ വികാരവീചികൾ വന്നലയ്ക്കുവാൻ തുടങ്ങി.

ആ മുറിയിലെ നിശ്ശബ്ദതയെ തൊട്ടുണർത്തിക്കൊണ്ടു് അദ്ദേഹത്തിൻെറ വേലക്കാരൻ യാത്രയ്ക്കുള്ള വണ്ടിയെല്ലാം ശരിയായി എന്നു് വിളിച്ചുപറഞ്ഞു. സിൽവിയോ എൻെറ കൈ കവന്നു, ഞങ്ങൾ കെട്ടിപ്പിടിച്ചു ഗാഢമായി ചുംബിച്ചു. അയാൾ വണ്ടിയിൽകയറി. അടുത്തു് രണ്ടു വലിയ തുകൽപെട്ടിയും കയററിവെച്ചു. ആ പെട്ടികളിലൊന്നിൽ മുഴുവനും അദ്ദേഹത്തിൻെറ കൈത്തോക്കുകളായിരുന്നു. മ ററേതിൽ അദ്ദേഹത്തിൻെറ വീട്ടുപകരണങ്ങളും. ഞങ്ങൾ പരസ്പരം മംഗളംപറഞ്ഞു—ആ വണ്ടി പതുക്കെ നീങ്ങി.

## III

വർഷങ്ങൾ പലതുകഴിഞ്ഞു. എൻെറ വീട്ടിലെ പരിതഃസ്ഥിതികൾമൂലം ഞാനിപ്പോൾ ഈ ചെറിയഗ്രാമത്തിൽ വന്നു് താമസം തുടങ്ങിയിരിക്കുകയാണു്. കൃഷിയിലുള്ള എൻെറ അത്യധികമായ ശ്രദ്ധമൂലം, പൂർവ്വജീവിതത്തിലെയ്ക്കു ചിന്തയുടെ പൂഞ്ചിറകുവിടർത്തി വിഹരിക്കുവാൻ എനിക്കു

സമയം അശേഷം ഉണ്ടായിരുന്നില്ല. വല്ലപ്പോഴും ഒഴിവു സമയം ലഭിച്ചാൽ വെറുതെ ചടഞ്ഞുകൂടി ഇരിക്കുവാനുള്ള വിഷമതയോൎത്തു ഞാൻ ചിലപ്പോഴും അവിടെനടക്കുന്ന ചില പ്രധാന വ്യവസായങ്ങളുംമററും കാണുവാനായിപോകും. പിന്നെ, കുറച്ചുദിവസം കഴിഞ്ഞപ്പോഴും ആ പരിപാടിയും വെറുത്തുതുടങ്ങി. പിന്നെ എൻെറ ശ്രദ്ധതിരിഞ്ഞതു് വീട്ടിലുള്ള കുറച്ചു് പുസ്തകങ്ങളിലേക്കാണു്. അതെല്ലാം എൻെറ വീട്ടുകാവൽക്കാരൻ ഒന്നുരണ്ടു ദിവസം എനിക്കു് വായിച്ചുകേൾപ്പിച്ചിട്ടുള്ളവയും ആണു്. ഇങ്ങിനെ ആകപ്പാടെ ജീവിതത്തിൽ യാതൊരു ഉന്മേഷവും തോന്നാതായപ്പോഴും ഞാൻ കുറേശ്ശെ മദ്യംകഴിക്കുവാൻ തുടങ്ങി. അതു് എൻെറ തലയിൽ കുളിൎപ്പിടിപ്പിച്ചുവെങ്കിലും, അതിലും വാസ്തവത്തിൽ ഞാൻ പരാജയപ്പെട്ടുകയാണു് ഉണ്ടായതു്- എന്നുപറഞ്ഞാൽ മദ്യം എന്നെ ഒരു വിഷാദാത്മകനായി മാററി.

എൻെറ വീട്ടിന്നു്, ഉദ്ദേശം ഒരു ഫർലോങ്ങുണ്ടു്, അകലെയായി ഒരു വലിയപ്രഭ്വിയുടെ എസ്റ്റേററാണു്. പ്രഭ്വിയാകട്ടെ അവളുടെ വിവാഹാനന്തരം പ്രഥമവൎഷത്തിൽ മധുവിധുകൊണ്ടാടുവാനായി അവിടെവന്നു താമസിച്ചതല്ലാതെ പിന്നെ അവിടേയ്ക്കു വന്നിട്ടുപോലുമില്ല. ഇപ്പോഴും അവിടെ ആ എസ്റ്റേററുകാവൽനോക്കുന്ന ആൾമാത്രമേയുള്ളു അവിടെ താമസം. ഞാൻ ഈ ഗ്രാമത്തിൽവന്നു് താമസംതുടങ്ങി ഏകദേശം ഒരുകൊല്ലം .കഴിഞ്ഞപ്പോഴും, അവിടെയെങ്ങും ഒരു വൎത്തമാനം പരക്കുവാൻതുടങ്ങി. അതായതു പ്രഭ്വി

യും അവളുടെ ഭർത്താവുംകൂടി അടുത്തവേനൽക്കാലം അവിടെ സുഖവാസത്തിന്നായിവന്നു താമസിക്കുന്നുണ്ടെന്നു. അല്ല—അടുത്തജൂൺമാസത്തിൽതന്നെ അവർ അവിടെ എത്തുകയുംചെയ്തു.

ആ ഗ്രാമവാസികൾക്കു അങ്ങിനെ ഒരു ധനികകുടുംബം അവിടെവന്നു താമസിക്കുന്നുണ്ടെന്നറിഞ്ഞതിൽ അതിയായ സന്തോഷം തോന്നി. അവിടെയുള്ള ഓരോകുടുംബങ്ങളിലും പൊതുനിരത്തുകളിലും ഉദ്ദേശം മൂന്നുമാസംമുമ്പും പിന്നെ ഒരു മൂന്നുകൊല്ലത്തോളവും ആ വിശേഷവർത്തമാനം പറഞ്ഞുകൊണ്ടിരിക്കും. എന്റെ വീടിന്നടുത്തു ഒരു യുവതി—നല്ല അഴകും ആരോഗ്യവും ധനികനിറഞ്ഞതും ധനികയായതുമായ ഒരു സ്ത്രീ—വന്നു താമസിക്കുന്നുണ്ടെന്നു കേട്ടപ്പോൾ എന്റെ അന്തരാത്മാവു അവളെയൊന്നു കാണുവാനായി ദാഹിച്ചുതുടങ്ങി. തന്നേയുമല്ല, അവർവന്ന ആ അടുത്ത ഞായറാഴ്ചദിവസം ഉച്ചയ്ക്കു ഭക്ഷണവുംകഴിച്ചു ഞാൻ അങ്ങോട്ടു പുറപ്പെട്ടു.

അവിടെ ചെന്നപ്പോൾ സ്ത്രീ താമസിക്കുന്നമുറി ഏതാണെന്നു എനിക്കു അറിവുലഭിച്ചു. ഞാൻ കയറിച്ചെന്നു. ആ മുറി വളരെ പരിഷ്കാരമേറിയ നിലയിൽ അലങ്കരിച്ചുവെച്ചിരുന്നു. ചുമരിനോടുചേർത്തു, പുസ്തകങ്ങൾ നിറച്ചഅലമാരകൾ, വെച്ചിട്ടുണ്ടായിരുന്നു. പിന്നെ അവിടെ ഇട്ടിരിക്കുന്ന ഒരു മാർബിൾമേശക്കുമുകളിൽ ഒരു വലിയ നീലക്കണ്ണാടിയും ഉണ്ടായിരുന്നു. നിലത്തു വളരെ കൌതുകമേറിയ പച്ചത്തുണി വിരിച്ചതിന്നുപുറമെ, നല്ലകമ്പിളിയും വിരിച്ചിട്ടു

ണ്ട്. ആ നാഗലോകത്തിൽ കാലെടുത്തുകുത്തിയപ്പോൾ ഞാൻ ആകപ്പാടെ ഒന്നു മിഴിച്ചുപോയി.

കുറച്ചുകഴിഞ്ഞപ്പോൾ വാതിൽ തുറന്നു. ഏകദേശം മുപ്പത്തിരണ്ടുവയസ്സ് പ്രായമുള്ള ഒരു മനുഷ്യൻ—പ്രള—കയറിവന്നു. വളരെ മാധുര്യമേറുന്ന ഒരു പരിമളസുഗന്ധത്താൽ ആ മുറിമുഴുവൻ നിറഞ്ഞു. ഞാൻ എൻെറ സ്വപ്നലോകത്തിൽനിന്ന് ഇതികർത്തവ്യതാമൂഢനായി ഞെട്ടിഉണർന്നു സംസാരിപ്പാൻ ഭാവിക്കുന്നതിന്നുമുമ്പുതന്നെ അയാൾ എന്നോട്ട് ഇരിക്കുവാൻ നിർദ്ദേശിച്ചു. ഞങ്ങൾ ഇരുവരും ഇരുന്നു. അയാൾ വളരെ സന്തോഷപൂർവ്വം വർത്തമാനങ്ങൾ ഓരോന്നായി പറയുവാൻതുടങ്ങി. എൻെറ ലജ്ജയും, മൂകതയും പെട്ടെന്നു ഇല്ലാതെയായി. ഞാനും, അദ്ദേഹത്തിൻെറ ഏതൊ ഒരു പഴയ സ്നേഹിതൻ എന്നനിലക്ക് വർത്തമാനം ആരംഭിക്കുമ്പോഴെയ്ക്കും പ്രഭിയും അവിടേയ്ക്ക് പ്രവേശിച്ചു. വാസ്തവത്തിൽ അവളൊരു സൌന്ദര്യപുഞ്ജംതന്നെയായിരുന്നു. പ്രള എനിക്കവളെ പരിചയപ്പെടുത്തി. ഞാൻ എൻെറ മൂകതയിൽനിന്ന് ഉണരുവാൻവേണ്ടി ഓരോ .വൃത്തികെട്ട ഗോഷ്ടികൾ കാണിക്കുന്നുണ്ടൊ എന്ന് എനിക്കുതന്നെ സംശയം തോന്നാതിരുന്നില്ല. അവർ ഇരുവരും അവരുടെ ഏററവും മാന്യനായ ഒരു മിത്രമാണ് ഞാൻ എന്നനിലയിൽ വർത്തമാനം ആരംഭിച്ചു.

ഞാൻ ആ മുറിക്കുള്ളിലെ വിചിത്രരേഖകളിലേയ്ക്കു് ആകപ്പാടെയൊന്ന് കണ്ണോടിച്ചു. ഞാൻ വാസ്തവത്തിൽ ഒരു ചിത്ര ആരാധകനല്ലെങ്കിലും, ആ ചുമരിൽ തൂങ്ങിക്കിടന്നിരുന്ന ഒരു ചിത്രം എൻെറ ദൃഷ്ടിയെ പെട്ടെന്നു പിടിച്ചു

ന്നിരി. ആ ചിത്രം എനിക്ക് വളരെ ആകർഷകമായി തോന്നി. അതു് കുറച്ചുസമയം സൂക്ഷിച്ചുനോക്കിയപ്പോൾ സ്വിററ്സർലണ്ടിലെ ഏതാണ്ട് ഒരു രംഗമാണ് അതിൽ വ്യഞ്ജിപ്പിക്കുന്നതെന്ന് എനിക്ക് ക്ഷണത്തിൽ മനസ്സിലായി. അതിലുള്ള വിചിത്രകലാവൈദഗ്ദ്ധ്യവും, ഛായപ്പണിയും അല്ല എന്നെ കൂടുതൽ ആകർഷിച്ചതു്, അതിനുപിന്നിൽ ഒളിഞ്ഞുകിടക്കുന്ന ഏതോ അജ്ഞാതയാഥാർത്ഥ്യമാണ്. അതു് — രണ്ടു് വെടിയുണ്ടകൾ ഒന്നിനുമുകളിൽ ഒന്നായി തുളഞ്ഞുപോയ വെറും ഒരു ചിത്രം!

"വളരെ നല്ലവെടി"! ഞാൻ പ്രഭുവിന്റെ മുഖത്തേക്കു് തിരിഞ്ഞു് വിളിച്ചുപറഞ്ഞു.

"അതെ, മെച്ചമുള്ളതുതന്നെ." അയാൾ എന്നോടു് ഉത്തരം പറഞ്ഞു.

"നിങ്ങൾക്ക് വെടിവെയ്ക്കുവാനറിയാമോ?" പ്രഭു തുടർന്നു.

എനിക്ക് ഏററവും ഇഷ്ടമുള്ളതും ഞാനിപ്പോൾ വീട്ടിൽ അഭ്യസിച്ചുവരുന്നതുമായ ഒരു വിഷയത്തിലേയ്ക്കു് ഞങ്ങളുടെ സംഭാഷണംതിരിഞ്ഞു. ഞാൻ മറുപടികൊടുത്തു:

"ഹോ! ഹോ! ധാരാളം" ഞാനിപ്പോൾ ഉപയോഗിച്ചുവരുന്ന തോക്കുകൊണ്ട് ഒരു ചീട്ടിൽ മുപ്പത്തിരണ്ടു് ദ്വാരങ്ങൾ ഉണ്ടാക്കാം.

"ഹോ! അങ്ങിനെയാണോ?" പ്രഭ്വി വളരെ നേർത്തതും മധുരവുമായ ഒരു സ്വരത്തിൽ ചുണ്ടനക്കി. പിന്നെ പ്രഭുവിനോടു ചോദിച്ചു. "നിങ്ങൾക്ക് ഇപ്രകാരം ഒരു ചീട്ടിൽ മുപ്പത്തിരണ്ടു് ദ്വാരങ്ങൾ ഉണ്ടാക്കുവാനൊക്കുമോ?"

“പണ്ട് സാധിച്ചിരുന്നു. ഇപ്പോൾ ശ്രമിച്ചുനോക്കണം. ഏകദേശം നാലുകൊല്ലത്തോളമായി ഞാനിപ്പോൾ തോക്ക് എടുത്തിട്ട്!”

“അങ്ങിനെയാണെങ്കിൽ അങ്ങേയ്ക്ക് ഒരു വീട്ടിൽ ഇരുപതു ദ്വാരങ്ങൾ പോലും തുളയ്ക്കുവാൻ സാധിക്കുകയില്ലെന്ന് എനിക്കുറപ്പുണ്ട്. ദിവസവും പരിചയിച്ചില്ലെങ്കിൽ സർവ്വ ഉന്നവും നഷ്ടപ്പെടും. എൻെറ സ്വന്ത അനുഭവത്തിൽ നിന്നാണ് ഞാനിപ്പറയുന്നത്. എൻെറ പട്ടാളജീവിതത്തിൽ അന്ന് ഏറ്റവും അധികം ഉന്നം എനിക്കായിരുന്നു. ഒരു ദിവസം എൻെറ തോക്കിന്നു കേടു പാററി. അതു നന്നാക്കുവാൻ കൊടുത്തപ്പോൾ ഒരു മാസക്കാലം വെറുതെ ഇരിക്കേണ്ടിവന്നു. അങ്ങ് എന്തു കരുതുന്നു? എൻെറ പട്ടാളവിഭാഗത്തിൽ ഒരു സേനാനായകൻ ഉണ്ടായിരുന്നു. അയാൾ എന്നോടു പറഞ്ഞു. “ഇനി നിങ്ങൾക്കു തോക്കു എടുക്കുവാൻ കൈപൊങ്ങുകയില്ലെന്ന്.” എന്തു തോന്നുന്നു? ദിവസവും നല്ലവണ്ണം പരിചയിക്കണം. അല്ലെങ്കിൽ എല്ലാം നഷ്ടപ്പെടും. എൻെറ ഈ ജീവിതത്തിന്നിടയിൽ ഞാൻ ഏറ്റവും അധികം ബഹുമാനിക്കുന്ന ഒരു മനുഷ്യനുണ്ടായിരുന്നു. ഭക്ഷണത്തിന്നു മുൻപ് ഒരു മൂന്നുപ്രാവശ്യമെങ്കിലും വെടിവെയ്ക്കുക പതിവാണ്.

പ്രഭുവിന്നും ഭാര്യക്കും സന്തോഷമായി.

“അയാൾ എങ്ങിനെയായിരുന്നു വെടിവെച്ചിരുന്നത്?”

പ്രഭു അത്ഭുതപൂർവ്വം ചോദിച്ചു.

“ഞാൻ പറഞ്ഞുതരാം. ആ മനുഷ്യൻ ചുമരിന്മേൽ വല്ല ഈച്ചയോ, ചെറുപ്രാണിയോ വന്നിരിക്കുന്നതായിക്കാ

ണും. അങ്ങ് എന്താണ് വിചാരിക്കുന്നതു്? ഇതു കേവലം പരമാൎത്ഥമാണു്. അയാൾ ഈച്ചയെ കണ്ടാലുടൻ വിളിച്ചു പറയുകയായി." എടാ 'കോഴ്ഖാ' തോക്ക്—(അയാൾ അദ്ദേഹത്തിന്റെ വേലക്കാരനാണ്)—കോഴ്ഖാ ഉടനെത്തന്നെ നിറച്ചുവെച്ച ഒരു തോക്കെടുത്തുകൊണ്ടു വരികയായി. ആ മനുഷ്യൻ തോക്കുവാങ്ങിച്ചു ഒരൊററ വെടി!- ആ ഈച്ച ചുമരിനോട് അരഞ്ഞുചേൎന്നുകഴിഞ്ഞു.

"ഹാവൂ!" അതൊരു അത്ഭുതംതന്നെയാണ്.

എന്താണ് ആ മനുഷ്യന്റെ പേർ?"

"സിൽവിയോ"—

"സിൽവിയോ?"............................പ്രള പെട്ടെന്നു ചാടിയെഴുന്നേററു. സ്നേഹിതാ! പറയൂ! നിങ്ങൾക്കു സിൽവിയയെ പരിചയമുണ്ടോ"? അയാൾ എന്റെ തോളു കുലുക്കിക്കൊണ്ടു ചോദിച്ചു.

"ഞാൻ എങ്ങിനെ അയാളെ അങ്ങേക്കു പരിചയപ്പെടുത്തിത്തരണം. ഞാൻ അദ്ദേഹത്തിന്റെ ഒരു ഉററമിത്രമായിരുന്നു. ഞങ്ങളുടെ പട്ടാളസംഘത്തിൽ എല്ലാവരും അന്ന് അയാളെ ഒരു സ്നേഹിതൻ എന്ന നിലക്കു സ്നേഹിക്കുകയും ഒരു സഹോദരൻ എന്ന നിലയിൽ ആരാധിക്കുകയും ചെയ്തിരുന്നു. പക്ഷെ, അതെല്ലാം അഞ്ചുകൊല്ലങ്ങൾക്കു മുമ്പാണ്. ഇപ്പോൾ എനിക്കു ആ മനുഷ്യനെക്കുറിച്ചു യാതൊരു വിവരവും ഇല്ല. സിൽവിയയെ അങ്ങ് അറിയുമെന്ന് എനിക്കു തോന്നുന്നു!"

"ഉവ്വ്! ഞാനദ്ദേഹത്തെ നല്ലവണ്ണം അറിയും. അദ്ദേ

No: 4937



ഹം നിങ്ങളോട് പണ്ട് എന്തെങ്കിലും വളരെ ഗൌരവമായ വിഷയത്തെ കുറിച്ച് പറഞ്ഞിട്ടുണ്ടോ?”

“അന്ന് ആ സൽക്കാരസമയത്ത് ആരോ ഒരാൾ അദ്ദേഹത്തിൻെറ മുഖത്തു അകാരണമായി അടിച്ചകഥയാണോ?” ഞാൻ പ്രഭ്വിയോടു ചോദിച്ചു.

“അങ്ങിനെയുള്ള ആ താന്തോന്നിയുടെ പേർ നിങ്ങളോട് പറഞ്ഞിട്ടുണ്ടോ” പ്രഭ്വി വീണ്ടും എന്നെ തിരക്കി.

“ഇല്ല—അദ്ദേഹമത് പറഞ്ഞിട്ടില്ല.......ദയവുചെയ്തു് ക്ഷമിക്കൂ!.....എന്നോട് അയാൾ ആ വാസ്തവവും പറഞ്ഞിട്ടില്ല.”

“സ്നേഹിതാ! ആ മനുഷ്യൻ ഞാനാണ്.” പ്രഭു കുറച്ചുസമയം ചിന്താമഗ്നനായി ഇരുന്നു. എന്നിട്ട് തുടർന്നു.

“നോക്കൂ! ചത്രത്തിൽകാണുന്ന വെടിപാടുകൾ ഞങ്ങളുടെ അവസാനസമരത്തിൻെറ ചരിത്രം കുറിക്കുന്നു.”

“ദയവുചെയ്തു് ആ സംഭവങ്ങൾ തുറന്നു പറയരുത്.... ദൈവത്തെക്കുറിച്ച്. ആ ഭയങ്കര സംഭവങ്ങൾ ആലോചിക്കുന്തോറും എൻെറ ഹൃദയം നുറുങ്ങിപ്പോകുന്നു.” പ്രഭ്വി തൻെറ ഭർത്താവിനോട് കേണപേക്ഷിച്ചു.

“ഇല്ല! അതെനിക്ക് തുറന്നുപറയാതിരിപ്പാൻ ഒരു വിധത്തിലും നിവൃത്തിയില്ല. സിൽവിയയെ എത്രവിധം ഞാൻ ദ്രോഹിച്ചിട്ടുണ്ടെന്ന് ഈ മനുഷ്യനു നല്ലവണ്ണം അറിയാം. അതുകൊണ്ട് സിൽവിയാ എന്നോട് ഒടുക്കത്തിൽ എങ്ങിനെ പകരംവീട്ടിയെന്ന് ഞാൻ പറഞ്ഞുകൊടുക്കാം!”

പ്രഭു ഒരു ചാരുകസേര എൻെറനേക്കു് വലിച്ചുനീട്ടി. ഞാൻ പ്രഭുവിൻെറ അരികത്തേയ്ക്കു് ചെന്നിരുന്നു. അയാൾ ആ കഥ ഓരോന്നായി പറയുവാൻ തുടങ്ങി.

"ഒരു ദിവസം ഞങ്ങൾ ഇരുവരും സായാഹ്നസവാരത്തിന്നായി കുതിരപ്പുറത്തു് പുറപ്പെട്ടു. കുറച്ചുദൂരം ചെന്നപ്പോൾ എൻെറ ഭാൎയ്യയുടെ കുതിര വല്ലാതെ ക്ഷീണിച്ചുപോയി. അതുകൊണ്ടു് അവൾ കുതിരപ്പുറത്തുനിന്നിറങ്ങി കുടിഞ്ഞാൺ എൻെറപക്കൽ ഏല്പിച്ചിരുന്നു. പിന്നെ കാൽനടയായി വീട്ടിലേയ്ക്കു തിരിക്കയാണുണ്ടായതു്. ഞാൻ കുതിരപ്പുറത്തായി അവളെ അനുഗമിച്ചു. ഞാൻ ഏകദേശം വീടിനോടടുത്തായപ്പോൾ അവിടെ ഏതോ വാടകവണ്ടി വന്നുനില്ക്കുന്നതായി കണ്ടു. ആരോ അവിടെ എന്നെയന്വേഷിച്ചു് വന്നിട്ടുണ്ടെന്നും ചോദിക്കുമ്പോൾ പേർ എന്താണെന്നും ആവശ്യം എന്താണെന്നും പറയുന്നില്ലെന്നും അവിടെ നില്ക്കുന്നവർ എന്നോടു് അറിയിച്ചു. ഞാൻ മുറിയിൽ പ്രവേശിച്ചു. അവിടെ മുഷിഞ്ഞുജീൎണ്ണിച്ചു്, ദേഹത്താകമാനം പൊടിയും ചളിയും പുരണ്ടു് താടിവളൎന്നു് വൃത്തിഹീനനായി ഒരു വികൃതരൂപൻ എന്നെ കാത്തുകൊണ്ടു് അക്ഷമനായി നില്ക്കുന്നുണ്ടായിരുന്നു. ഞാൻ ആ മനുഷ്യൻെറ അടുത്തുചെന്നു, എന്താണു് വന്ന ആവശ്യം എന്നു് ചോദിച്ചറിഞ്ഞു.

"നിങ്ങൾക്കു് എന്നെ മനസ്സിലായില്ലേ?" ആ മനുഷ്യൻ ഒരു പരുപരുത്ത സ്വരത്തിൽ വിളിച്ചുപറഞ്ഞു.

"സിൽവിയാ!"..... .....

ഞാൻ അത്ഭുതംകൊണ്ടു് സ്തംഭിച്ചുപോയി. എൻെറ സിരാചക്രത്തിൽ ഇരുട്ടുകയറി. എൻെറ ദേഹത്തെ ഒരോ രോമകൂപവും തലയുയർത്തി.

"അതെ! ഞാൻ സിൽവിയോതന്നെ." അയാൾ തുടർന്നു: "എനിക്കു് വെടിവെക്കുവാൻ അവകാശപ്പെട്ട ഒരു ഉണ്ട ബാക്കിയുണ്ടു്. അതൊഴിക്കുവാനാണു് ഞാനിപ്പോൾ വന്നിരിക്കുന്നതു്. നിങ്ങൾ തയ്യാറാണോ?

അയാളുടെ വലതുകീശയിൽ ഒരു തോക്കു് തൂങ്ങിക്കിടന്നിരുന്നു. ഞാൻ അയാളിൽനിന്നു് പന്ത്രണ്ടുവാര അകലെ അളന്നുനിന്നു. എന്നിട്ടു് കേണപേക്ഷിച്ചു, എൻെറ ഭാര്യ വരുന്നതിനുമുമ്പു് വെടിവെക്കുവാൻ. അയാൾ അതിന്നു് വിസമ്മതിച്ചു. അയാൾ വിളക്കു് കത്തിക്കുവാൻ എന്നോടു നിർദ്ദേശിച്ചു. മെഴുകുതിരി കത്തിച്ചുകൊണ്ടുവന്നു. ഞാൻ വാതിലെല്ലാം കൊട്ടിയടച്ചു, ആരും അകത്തേയ്ക്കു് കടന്നുപോകരുതെന്നു് ആജ്ഞാപിച്ചു, പിന്നേയും അദ്ദേഹത്തോടു യാചിച്ചു, വേഗംതന്നെ വെടിവെയ്ക്കുവാൻ. അയാൾ തോക്കു് ഊരിയെടുത്തു......ഉന്നംവെച്ചു. ഞാൻ ഓരോനിമിഷങ്ങൾ എണ്ണുവാൻ തുടങ്ങി........എൻെറ ഭാര്യ......ആ ഭയങ്കരമായ നിമിഷം നീങ്ങി. സിൽവിയയുടെ കൈ പതുക്കെ താഴോട്ടുതാന്നു.

"ഇതിൽ നിറച്ചിരിക്കുന്നതു് വെറും കല്ലുകളല്ല. നല്ല വെടിയുണ്ടതന്നെയാണു്. അതുകൊണ്ടു് ഇവിടെ നടക്കുന്നതു ഒരു ദ്വന്ദ്വയുദ്ധമായിരിക്കുകയില്ല. വാസ്തവത്തിൽ ഒരു കൊലപാതകം!" സിൽവിയോ ഗൌരവവും അതിലൊ

യനീയവുമായ ആ സ്വരത്തിൽ എന്നെ അറിയിച്ചു." ഞാൻ ആയുധമണിയാത്ത ഒരു മനുഷ്യന്റെനേക്ക് തോക്ക് ഉന്നം വെയ്ക്കുക പതിവില്ല— നമ്മൾക്ക് നക്കേട്ടക്കാം— ആര് ആദ്യം വെടിവെക്കണമെന്നറിയുവാൻ.

എനിക്ക് തല കറങ്ങുന്നതായി തോന്നി. ഞാൻ എങ്ങിനേയോ അതിന്നു സമ്മതംമൂളി. ഒടുവിൽ ഒരു തോക്കു കൂടി നിറച്ചു. പിന്നെ രണ്ടുകഷണം കടലാസ്സ് എടുത്തു പണ്ട് എന്റെ ഉണ്ടകൊണ്ടുതുളഞ്ഞ തൊപ്പിയിൽ അതു് ഇട്ടു. എടുത്തപ്പോൾ ഒന്നാമത്തു് എനിക്കുതന്നെ വീതം!

"ഹോ നിങ്ങൾ ഒരു ഭാഗ്യവാൻ." അയാൾ പിന്നേയും പുഞ്ചിരിപൊഴിച്ചു് ഒരു പരുപരുത്തസ്വരത്തിൽ പറഞ്ഞു. എനിക്ക് എന്താണ് സംഭവിച്ചതെന്ന് അറിഞ്ഞുകൂടാ. ഞാൻ തോക്കെടുത്തു വെടിവെച്ചു. പക്ഷെ—പക്ഷെ, ആ ഉണ്ട അയാളുടെ ദേഹത്തുകൊണ്ടില്ല. അതാണ് ആ പടത്തിൽചെന്ന് തുളച്ചതു്."

പ്രഭ ഇത്രയും പറഞ്ഞുനിർത്തി. പിന്നെ എനിക്ക് ആ ഉണ്ടതുളഞ്ഞ ചിത്രം ചൂണ്ടുവിരൽ നീട്ടിക്കാണിച്ചുതന്നു. അയാളുടെ കണ്ണുകൾ തൊണ്ടിപ്പഴത്തെപ്പോലെ ചുകന്നു വിളങ്ങിയിരുന്നു. എനിക്കു യാതൊന്നും അപ്പോൾ മറുപടിപറയുവാൻ തോന്നിയില്ല. ഞാൻ ആ കഥകേട്ട് ആകപ്പാടെ മരവിച്ചുപോയി.

"ഞാൻ വെടിവെച്ചു" പ്രഭ വീണ്ടും ഒരു ദീർഘനിശ്വാസത്തോടെ തുടർന്നു. "പക്ഷെ എന്റെ ഉന്നം തെററി. സിൽവിയോ— അദ്ദേഹത്തിന്റെമുഖം അപ്പോൾ കാണേ

ണ്ടതായിരുന്നു. അത്രമാത്രം ഭയാജനകമായി. സിൽവിയാ തോക്കെടുത്തു് എൻെറ നേർക്കു നീട്ടി. പെട്ടന്നു്—"മാഷാ—എൻെറ ഭാര്യ, ഓടിവന്നു് കരഞ്ഞുകൊണ്ടു് എൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചു. അവളെ കണ്ട മാത്രയിൽ എൻെറ നഷ്ടപ്പെട്ട ചൈതന്യം വീണ്ടും കിട്ടിയതുപോലെ എനിക്കു തോന്നി. ഞാൻ അവളോടു പറഞ്ഞു "ഇതു വെറുമൊരു തമാശമാത്രമാണു്. നീ എന്തിനാണിത്ര ഭയപ്പെടുന്നതു്? പോയി കുറച്ചു വെള്ളംകുടിച്ചു് ആശ്വസിച്ചു വരൂ!

"മാഷാ"യ്ക്കു എന്നെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അവൾ എൻെറ ചുമൽ പിടിച്ചു കുലുക്കിക്കൊണ്ടു ചോദിച്ചു. "പറയൂ! അങ്ങു് സത്യംതന്നെയാണോ?" അവൾ പിന്നെ സിൽവിയയുടെനേർക്കു തിരിഞ്ഞു കണ്ണുനീരൊഴുക്കി ചോദിച്ചു. "നിങ്ങൾ ഇതു വെറും തമാശക്കാണോ? സത്യം പറയൂ!"

"പ്രഭോ!" അയാൾക്കെപ്പോഴും തമാശയാണു്" സിൽവിയ ഒരു പരുപരുത്ത സ്വരത്തിൽ വീണ്ടും നിശ്ചലനായി നിന്നുകൊണ്ടു് ഉത്തരം പറഞ്ഞു. "ഒരു ദിവസം തമാശക്കു് അയാൾ എൻെറ മുഖത്തു് ഒന്നു തന്നു. തമാശകൊണ്ടു് അയാൾ എൻെറ തൊപ്പിക്കുള്ളിൽക്കൂടി ഒരു ഉണ്ട അയച്ചു. ഇതാ, തമാശകൊണ്ടു് അയാളുടെ ഒരു വെടി ഇപ്പോൾ ഉന്നം പിടിക്കുകയും ചെയ്തു. അതെ, എനിക്കും ഇപ്പോൾ അപ്രകാരം ഒരു "തമാശ"ക്കു് ആഗ്രഹം തോന്നുന്നുണ്ടു്."

ഇത്രയും പറഞ്ഞുകൊണ്ടു്, അവൾക്കു മുമ്പിൽവെച്ചു്

എൻെറ നേക്ക തോക്കനീട്ടി. "മാഷ" അയാളുടെ കാല്ക്കൽ വീണു.

"എഴുന്നേല്ക്കു "മാഷെ!" നാണമില്ലേ?" ഞാൻ ദ്വേഷംകൊണ്ട് അലറി. പിന്നെ സിൽവിയോട്ടു പറഞ്ഞു "നിങ്ങൾ ഒരു പെണ്ണിൻെറ വാക്കകേട്ട് ഇളകിപ്പോകുന്നുണ്ടോ?"

"ഇല്ല ഞാൻ വെടിവെയ്ക്കുന്നില്ല" സിൽവിയോ ഉത്തരം പറഞ്ഞു. അയാളുടെ മുഖത്ത് ഒരു പൈശാചികമായ പുഞ്ചിരി നിഴലിച്ചു. "എനിക്കെല്ലാം തൃപ്തിയായി." നിങ്ങളുടെ മനസ്സ് പണ്ടത്തേതിൽനിന്ന് വളരെയധികം മാറിയിരിക്കുന്നു—എനിക്കിപ്പോൾ നല്ലവണ്ണം വ്യക്തമായി. എൻെറ നേക്ക വെടിവെയ്ക്കുവാനും ഞാൻ നിങ്ങളെ പ്രേരിപ്പിച്ചു.........അതെ എനിക്കെല്ലാം തൃപ്തിയായി, ഞാൻ പോവുകയാണ്."

ഇത്രയും പറഞ്ഞ സിൽവിയോ ഒരു പൈശാചികമായ പരിതൃപ്തിയോടെ പോകുവാൻ ഭാവിച്ചു. പക്ഷെ, വാതില്ക്കലോളം എത്തിയപ്പോൾ അയാൾ നിന്നു, പിന്നെ പിന്നോക്കം തിരിഞ്ഞുനോക്കി. അനന്തരം ചുമരിൽ എൻെറ വെടിയുണ്ട തുളഞ്ഞ ചിത്രത്തിലേയ്ക്കു യാതൊരു ഉന്നവും വെയ്ക്കാതെ വെടിവെച്ച്, അപ്രത്യക്ഷനായി. എൻെറ വേലക്കാർക്ക് അദ്ദേഹത്തിൻെറ മുഖത്തേയ്ക്കു തല ഉയർത്തി നോക്കുവാൻപോലും അപ്പോൾ ധൈര്യമുണ്ടായിരുന്നില്ല. അയാൾ പുറത്തുകടന്ന്, വണ്ടിയിൽകയറി ഇരുന്ന്, ഇരുളിൽ മറഞ്ഞു."

പ്പെട്ട ഇത്രയും പറഞ്ഞുനിർത്തി, ഒരു ദീർഘനിശ്വാസം അയച്ചു. അങ്ങിനെ ആദ്യം എൻെറ ഹൃദയത്തെ ഹഠാൽ കർഷിച്ച ആ കഥയുടെ അവസാനം ഞാൻ നല്ലവണ്ണം ശ്രദ്ധിച്ചുകേട്ടു. അതിലെ കഥാനായകനെ—സിൽവിയയെ ഞാൻ പിന്നെ കണ്ടിട്ടില്ല.

സിൽവിയോ, "സ്കൂലൈനിയി"ലെ ഒരു യുദ്ധത്തിൽ വെച്ചു കൊല്ലപ്പെട്ടുവെന്നു പിന്നീടെനിക്കു് അറിവുകിട്ടി.

[ഒരുവനെത്ര ഭൂമിവേണം] (ലിയോ ടോൾസ്റ്റോയ്)

ടോൾസ്റ്റോയിയുടെ ജീവിതം റഷ്യക്ക് ഒരു അനുഗ്രഹംതന്നെയായിരുന്നു. വിപ്ലവാത്മകനായ ചിന്തകൻ, രാഷ്ട്രീയവും മതപരവുമായ സങ്കുചിതപരിധികളെ അതിലംഘിച്ചും, അവഹേളിച്ചും, അവയുടെ ബന്ധനത്തിൽനിന്ന് സ്വയം വിമുക്തനായി, മനുഷ്യജനതയെ സ്വാതന്ത്ര്യമാക്കുവാൻ ഉൽബോധിപ്പിച്ചവൻ, എന്നീ നിലയിൽ പത്തൊമ്പതാംശതകത്തിലെ ഒരു ഉജ്ജ്വല വ്യക്തിയായിരുന്നു ടോൾസ്റ്റോയ്. റഷ്യൻസാഹിത്യത്തിലെന്നല്ല, ലോകത്തിൽ തന്നെ അയാൾ ഒരു ആചാര്യസ്ഥാനം കൈവരിച്ച് എൺപത്തിരണ്ടുകൊല്ലം ജീവിച്ചു.

[1828—1910]

# ഒരുവനെത്ര ഭൂമിവേണം?

മൂത്ത സഹോദരി ഒരു ദിവസം പട്ടണത്തിൽനിന്ന് ഇളയവളെ കാണുവാനായി വന്നു. മൂത്തവളെ വിവാഹം കഴിച്ചിരിക്കുന്നതു് ഒരു വ്യാപാരിയാണ്, ഇളയവളെ ഒരു കൃഷിക്കാരനും. അവർ ചായ കുടിച്ചു കുശലപ്രശ്നങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ മൂത്തവൾ തൻെറ പട്ടണജീവിതത്തെക്കുറിച്ചു് ഇപ്രകാരം തുടർന്നു—അവിടത്തെ അവരുടെ ജീവിതം വളരെ സുഖവും സംതൃപ്തിയോടും കൂടിയാണ്—തിന്നുവാനും കുടിക്കുവാനും എല്ലാം ധാരാളമുണ്ടു്—പിരന്ന നേരമ്പോക്കിന്നായി നാടകശാലയിലേയ്ക്കും മററും പോകാം!

ആ വ്യാപാരിയുടെ ഭാര്യക്കുള്ള അനുഭവങ്ങൾ കേട്ടു് ഇളയവൾ ഇളകി. അവൾ തൻെറ ഗ്രാമജീവിതത്തെ കുറിച്ചു വിവരിക്കുവാൻ തുടങ്ങി.

"എന്നെ സംബന്ധിച്ചേടത്തോളം, നിൻെറ ജീവിതത്തെ ഞാനത്ര ഇഷ്ടപ്പെടുന്നില്ല. ഒരു പക്ഷെ, ഒരു കൃഷിക്കാരൻെറ ജീവിതത്തിൽ സംഭവബഹുലമായ കാര്യങ്ങളൊന്നും ഇല്ലെന്നു നീ പറഞ്ഞതുശരിയായിരിക്കാം. നേരെമറിച്ചു് നി

ൻെറതോ? എത്ര സുഖമുള്ള ജീവിതമായാലും ഒന്നുകിൽ നല്ല ലാഭം, അഥവാ നാശം! ഇന്ന് നിങ്ങൾ വലിയ ധനികരായിരിക്കാം, എന്നാൽ നാളെയോ, തെരുവാധാരമായി കണ്ടുവെന്നും വരാം. ഇതിനേക്കാൾ എത്രയോ സുഖവും സംതൃപ്തിയോടും കൂടിയതാണ് ഈ ഗ്രാമത്തിൽ ഞങ്ങളുടെ ജീവിതം. കൃഷിക്കാരന്ന് അത്യാഗ്രഹമില്ല, അവൻ കഷ്ടപ്പെടാതെ ജീവിച്ചുകൊള്ളും. അവൻ പണക്കാരനല്ലെങ്കിലും, എല്ലാംകൊണ്ടും തൃപ്തിയാണ്.

മൂത്തവൾ ചൊടിച്ചു.

"മതി! മതി! നിർത്തു! കൊള്ളാം! നിങ്ങളുടെ ഈ വൃത്തികെട്ട പന്നികളും കന്നുകാലികളും മററും. നല്ല വേഷവും ഇല്ല കൂട്ടുകാരും ഇല്ല. നിൻെറ ഭർത്താവ് എത്ര കഷ്ടപ്പെട്ടദ്ധ്വാനിച്ചിട്ടുമെന്താണ് കാര്യം? ഈ ചളിയിൽ കിടന്നുതന്നെ ജീവിക്കണം. ഇവിടെക്കിടന്നുതന്നെ മരിക്കണം. നിങ്ങളും അതിന്നുശേഷം കുഞ്ഞുങ്ങളും!

"ഹാ! ഹാ! അതൊന്നുമില്ല. ഇളയവൾ മറുപടി കൊടുത്തു. "താ! കേട്ടുകൊൾക! ഞങ്ങൾ കഷ്ടപ്പെട്ടാലും, ചുരുക്കത്തിൽ ആ ഭൂമി ഞങ്ങളുടേതാണെന്നതിൽ അഭിമാനിക്കാം. മററുള്ളവരുടെ പക്കൽനിന്ന് കടം വാങ്ങിക്കുകയോ ഇരക്കുകയോ വേണ്ട. നിങ്ങൾക്കു പട്ടണത്തിലാണെങ്കിൽ എത്രയും മോശമായ ചുററുപാടുകളാണുള്ളത്? ഇന്ന് നിങ്ങളെ സ്നേഹിച്ച് ഏററവും മമതയോടെ പെരുമാറുന്ന ജനങ്ങൾതന്നെ, നാളെ ഒരു പക്ഷെ വെറുക്കുവാനും കണ്ണടച്ചു മാറിക്കളയുവാനും തുടങ്ങും. നിൻെറ ഭർത്താവിന്ന്

പണംവെച്ചു കളിക്കുന്നതിലും, ബ്രാണ്ടിയിലും മററു ദ്രവ്യ പാരങ്ങളിലും അഭിരുചി തുടങ്ങി—അങ്ങിനെയൊരു കൊള്ളരുതാത്തവനായി തീരുകയാണെങ്കിൽ നിങ്ങൾ സമസ്തവും നശിച്ചു! എന്താണ് ശരിയല്ലേ?

ഇളയ സഹോദരിയുടെ ഭർത്താവ്—അയാളുടെ പേർ "പക്ഷം" എന്നാണ്—അടുപ്പിന്നരികെ ഇരുന്നുകൊണ്ട് ഈ സംഭാഷണം നല്ലവണ്ണം ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

"അതു വാസ്തവംതന്നെയാണ്" ഇളയ സഹോദരിയുടെ ഭർത്താവ് തുടർന്നു "ഞാൻ എൻെറ ചെറുപ്പം മുതൽക്കുതന്നെ ഈ മണ്ണിൽ അദ്ധ്വാനിക്കുവാൻ തുടങ്ങിയതാണ്. അതുകൊണ്ട് എനിക്കാണെങ്കിൽ മററുവല്ലതും ചെലുത്തി തലപുകഞ്ഞു നടക്കുവാനൊട്ടും സമയവുമില്ല. എങ്കിലും മറെറാരു കാര്യമാണ് എൻെറ ഹൃദയത്തെ സദായ്പ്പോഴും വിഷമിപ്പിച്ചുകൊണ്ടിരിക്കുന്നത്—എനിക്കു കുറച്ചുഭൂമിയെയുള്ളൂ. അതൊന്നു വദ്ധിക്കുമെങ്കിൽ!—പിന്നെ ഏതുകരുത്തംകെട്ട പിശാചുക്കളായാലും ശരി, ഞാനൊട്ടും കൂസുകയില്ല."

അവരുടെ ചായ കുടി കഴിഞ്ഞു, പിന്നെ വേഷവിധാനത്തെപററിയും കുറെച്ചൊന്നു സംസാരിച്ചു, പാത്രം കഴുകി, അനന്തരം കിടപ്പറയിലേയ്ക്കു പ്രവേശിച്ചു.

(ഈ സമയത്തു് വാസ്തവത്തിൽ പിശാചുതന്നെ അടുപ്പിന്നു പിന്നിൽ ഇരുന്നുകൊണ്ട് ഇതെല്ലാം ശ്രദ്ധിച്ചുകേൾക്കുന്നുണ്ടായിരുന്നു. "പക്ഷം" കിടപ്പറയിലേക്കു പ്രവേശിക്കുന്നതുകണ്ടിട്ട് അവൻ പല്ലുകടിച്ചു ഉള്ളിൽ പിറുപിറു

ത്തു് "വളരെ നല്ലത്തു്!" ഞാൻ നിന്നെ ഒരു പണി പഠിപ്പിച്ചുതരാം. കുറെ അധികം ഭൂമി വെറുതെ തരാം—പിന്നെ അതു് എല്ലാം നശിപ്പിച്ചുകളകയും ചെയ്യാം."

* * * * *

ഈ കൃഷിക്കാരുടെ വീടിന്നരികെ വലിയൊരു ധനാഢ്യ ജീവിച്ചിരുന്നു. അവൾക്കു ഉദ്ദേശം 340 * ഏക്കർ ഭൂമിയുണ്ടു്. ആദ്യം അവളുടെ കൃഷിയെല്ലാം ശരിക്കു യാതൊരു വീഴ്ചയുംകൂടാതെ നടന്നിരുന്നു. അന്നു പാട്ടമെല്ലാം കണക്കുപ്രകാരം ലഭിച്ചിരുന്നു. ഇപ്പോൾ അവൾ ഒരു അട്ടത്തുൺ പിരിഞ്ഞ പട്ടാളഉദ്യോഗസ്ഥനെ കൃഷിമേൽനോട്ടത്തിന്നായി നിയമിച്ചിട്ടുണ്ടു്. അയാളാണെങ്കിൽ കൃഷിക്കാരെ ദിവസവും ചീത്തപറയലും പിഴയിടുകയും ആണു്. "പക്ഹം" എത്രതന്നെ ശ്രദ്ധിച്ചാലും അയാളുടെ കന്നുകാലികൾ ആ വയലിലേക്കു ചാടികടക്കുകയോ, അവളുടെ മുററത്തേക്കു ഇഴഞ്ഞുപോകുകയോ ചെയ്യും. അതിനെല്ലാം "പക്ഹ"ത്തിൻെറ പക്കൽനിന്നു് കഠിനമായ പിഴ വസൂലാക്കിയിരുന്നു.

"പക്ഹം" യാതൊരു മടിയും കൂടാതെ പിഴ അടക്കും. അതിന്നുശേഷം വീട്ടിൽവന്നു ഭാര്യയെ ശകാരിക്കുകയും ദേഷ്യംകൊണ്ടു ചിലപ്പോൾ അടിക്കുകതന്നെ ചെയ്യും. ആ കാര്യസ്ഥൻ പട്ടാളക്കാരൻെറ കയ്യിൽനിന്നു ധാരാളം

* 120. ടിസ്സയൻററി =340 ഏക്കർ (1 ടിസ്സയൻററിക്കു 2 4/5 ഏക്കറോളം വിസ്താരമുണ്ടു്.)

അക്രമങ്ങൾ സഹിക്കേണ്ടിവന്നു. മററുവിധത്തിൽ വേറെ വിഷമതകൾ ഒന്നുമില്ലെങ്കിലും, കന്നുകാലികളെ ഈ വിധത്തിൽ വളർത്തി ഉണ്ടാക്കുവാൻതന്നെ വളരെ ബുദ്ധിമുട്ട് അനുഭവപ്പെട്ടു.

അക്കൊല്ലം വർഷത്തിൽ ആ ഗ്രാമത്തിൽ മുഴുവൻ ഒരു വർത്തമാനം പരന്നു. "ബാറിന്നു—" ആ വലിയ കൃഷിക്കാരി അവളുടെ സർവ്വഭൂമികളും വില്ക്കുവാൻ പോകയാണെന്ന്—തന്നേയുമല്ല, അതെല്ലാം വാങ്ങിക്കുന്നതു് അവളുടെ കീഴിൽ ഇത്രനാളും ജോലിനോക്കിയ ആ പട്ടാളഉദ്യോഗസ്ഥനാണെന്നും. കൃഷിക്കാർക്കെല്ലാം നിരാശയായി.

അവർ ചിന്തിച്ചു. "ഈ കാര്യസ്ഥൻ ഇതു വാങ്ങിക്കുകയാണെങ്കിൽ "ബാറിന്ന"യുടെ കീഴിൽ ജോലി നോക്കിക്കൊണ്ടിരിക്കുമ്പോളുണ്ടായതിനേക്കാൾ അധികം നമ്മളെ ഉപദ്രവിച്ചുതുടങ്ങും. അതുകൊണ്ടു നമ്മൾക്ക് എല്ലാവർക്കും കൂടി ആ ഭൂമിയെല്ലാം വാങ്ങിച്ചു സുഖമായി ജീവിക്കാം."

ആ ഗ്രാമാധിപൻെറ നേതൃത്വത്തിൽ അടുത്ത ദിവസംതന്നെ കൃഷിക്കാരുടെ ഒരു സംഘം ബാരിന്നയുടെ മുമ്പിലെത്തി. ഈ ഭൂമി ഒരു കാലത്തും കാര്യസ്ഥന്നു വില്ക്കരുതെന്ന് അവർ ഉണർത്തിച്ചു. തന്നെയുമല്ല, ആ കരാർതന്നെ ലംഘിച്ചതായി അറിയിക്കണമെന്നും. ബാറിന്ന അതിന്നു സമ്മതിച്ചു. ആ ഗ്രാമത്തിലെ കൃഷിക്കാരെല്ലാംകൂടി ബാറിന്നയുടെ സർവ്വഭൂമിയും വാങ്ങിക്കുവാൻ തീർച്ചയാക്കി. അന്നു രാത്രി അവരെല്ലാംകൂടി ഒരു യോഗംചേൎന്നു. അതുകൊണ്ടു് സംഗതികൾ തീർച്ചപ്പെടുത്താത്തതിനാൽ പി

ററ ദിവസവും അതുപോലെ ഒന്നു ചേൎന്നു. എന്നിട്ടും വ്യവസ്ഥകൾ ഒന്നും ക്ലിപ്തപ്പെടുത്തുവാൻ കഴിഞ്ഞില്ല. ഈ അപരിഷ്കൃതരായ കൃഷിക്കാൎക്കുണ്ടോ എന്തെങ്കിലും കാൎയ്യങ്ങൾ തീൎച്ചപ്പെടുത്തുവാൻ സാധിക്കുന്നു? അവർ ഓരോരുത്തരും അപ്രകാരം ഉള്ളിൽ പിറുപിറുത്തു. ഒടുവിൽ അവർതന്നെ തീൎച്ചയാക്കി, ഓരോ കൃഷിക്കാരനും അവനവൻെറ കഴിവനുസരിച്ചു് ഭൂമി വിലക്കു വാങ്ങാമെന്നു്. ഈ വ്യവസ്ഥയും ബാറിന്ന സമ്മതിച്ചു. അങ്ങിനെ വ്യാപാരം തുടൎന്നു. തൻെറ അയൽക്കാരനായ ഒരു കൃഷിക്കാരൻ ഉദ്ദേശം അമ്പത്തിഅഞ്ചു് ഏക്കർ ഭൂമി വാങ്ങിയെന്നും, വിലയുടെ പകുതി ഒരു കൊല്ലംകൊണ്ടു് അടച്ചുതീൎത്താൽ മതിയെന്നും ബാറിന്ന സമ്മതിച്ചതായും പക്ഹം അറിഞ്ഞു. പക്ഹത്തിന്നു് അസൂയയായി. "ഇങ്ങിനെ എല്ലാവരും വാങ്ങിക്കുവാൻ തുടങ്ങിയാൽ എനിക്കു യാതൊന്നും അവശേഷിക്കുകയില്ല" എന്നു് പക്ഹം തൻെറ ഭാൎയ്യയുമായി ഒരു ഗൂഢാലോചന നടത്തി.

"എല്ലാവരും ഭൂമി വാങ്ങുന്നുണ്ടു്. നമ്മൾക്കും കുറച്ചു സ്ഥലം വാങ്ങിച്ചാൽ എന്താണു്? ഇപ്പോഴുള്ളതുകൊണ്ടൊന്നും നമ്മൾക്കു ജീവിക്കുവാൻ സാധിക്കുകയില്ല. ആ കാൎയ്യസ്ഥൻ ഇതെല്ലാം പിഴയായി വസൂൽ ചെയ്യുന്നുണ്ടു്. അങ്ങിനെ ബാറിന്നയുടെ പക്കൽനിന്നു ഭൂമിയെങ്ങിനെ വാങ്ങിക്കണം എന്നതിനെക്കുറിച്ചു് ആ ഭാൎയ്യാഭൎത്താക്കന്മാർ തല പുകഞ്ഞു് ആലോചിച്ചു. അവരുടെ പക്കൽ ആകപ്പാടെ 100 "റൂബിൾ" സൂക്ഷിച്ചിരിപ്പുണ്ടു്. പിന്നെ ഒരു ക

ഴുതുകയും, കറച്ചു തെനീച്ചക്കൂട്ടം വിററു. അതുകൂടാതെ മകനെ പണിക്കയച്ചു, ഇങ്ങിനെ ആകപ്പാടെ ഉദ്ദേശം അ ന്വത്തു റൂബിൾ പിന്നേയും സമ്പാദിച്ചു.

പക്ഹം നാല്പതു ഏക്കർഭൂമിയും ഒരു ചെറിയ കാട്ടും തിരഞ്ഞെടുത്തു ബാറിന്നയെ കാണുവാനായിച്ചെന്നു. വ്യ വസ്ഥകൾ തീച്ചപ്പെടുത്തി—കൈ അടിച്ചു്, മുൻ മടിശ്ശീ ലകെട്ടി. പക്ഹം പകുതിപണം മാത്രമെ അപ്പോൾ കൊ ടുത്തിരുന്നുള്ളു. ബാക്കിയുള്ളതു രണ്ടുകൊല്ലംകൊണ്ടു് തീ ത്തുകൊള്ളാമെന്നും അയാൾ വാഗ്ദത്തം ചെയ്തിട്ടുണ്ടു്. പ ക്ഹം ഇപ്പോൾ ഒരു ഭൂമിയുടമസ്ഥനായി. അയാൾ പി ന്നെ തൻെറ മറെറാരു സഹോദരൻെറ പക്കൽനിന്നു് വി ത്തിന്നായി കുറച്ചുപണംകൂടി കടംവാങ്ങി, പാടത്തു കൃഷി യിറക്കി. അക്കൊല്ലത്തെ വിളവു വളരെ നന്നായിരുന്നു. അതിൽനിന്നുണ്ടായ മിച്ചം ലാഭംകൊണ്ടു് തൻെറ സഹോ ദരന്നു കൊടുപ്പാനുള്ളതും ബാറിന്നക്ക ചെല്ലേണ്ടതുമായ വ കയെല്ലാം കൊടുത്തു. അങ്ങിനെ അയാൾ ഇപ്പോൾ അ തിൻെറ ശരിക്കു ഉടമസ്ഥൻ തന്നെയായിത്തീന്നു. പി ന്റെകൊല്ലം അയാൾ തൻെറ സ്വന്തം വയലിൽതന്നെ വി തച്ചു. സ്വന്തം വിളവു് ശേഖരിച്ചെടുത്തു. അവിടെ മേ യ്ക്കുന്നതും സ്വന്തം കന്നുകാലികളെ തന്നെയാണു്. ആ വയലിലേയ്ക്കു്, സന്ധ്യശ്യാമളമായ അയാളുടെ കുന്നിൽ പ്ര ദേശത്തേയ്ക്കു കാലെടുത്തു കുത്തുമ്പോൾ അയാളുടെ ഹൃദയം അജ്ഞാതമായ എന്തോ അഭിമാനത്താലും ആനന്ദത്താലും ഒന്നു പുളയും. അവിടെ മുളച്ചു വരുന്ന ഓരോ പുൽക്കൊ

ടിക്കും മററുള്ളവരേക്കാറം ഹരിതശ്രവിംത്തൊന്നുന്നുണ്ട്. അവിടെ—വികസിക്കുന്ന പുഷ്പങ്ങറംക്കു കൂടുതൽ സൌരഭ്യമുണ്ട്. പണ്ട് ആ പ്രദേശങ്ങളെല്ലാം വെറും മൊട്ടക്കുന്നുകളായിരുന്നുള്ളൂ. എന്നാൽ ഇപ്പോഴൊ?—അതു ശൂന്യമായ വെറും മരുഭൂമിയല്ല—സസ്യശ്യാമളമായ ഒരു മരുപ്പച്ച!

പക്കീരത്തിൻെറ ജീവിതം ആ ആനന്ദത്തിൻെറ താഴ്‌വരയിൽ നിന്ന് ഉയിർ പൂണ്ടു.

ചിലപ്പോറം ആട്ടിടയന്മാർ ആട്ടിൻ പററങ്ങളെ ആ കുന്നിൻ ചെരുവിലേക്കു ആട്ടിത്തെളിക്കും. ചിലപ്പോറം വല്ല കുതിരയോ മറേറാ ആ വയലുകളിലേക്കു ചാടികടന്നുവെന്നുവരാം. പക്കീരം ദിവസവും അവിടെ കാത്തിരുന്ന് കന്നുകാലികളെ ആട്ടയോടിക്കുന്നുണ്ട്. പക്ഷെ, യാതൊരു ഫലവും ഉണ്ടായില്ല. ഒടുവിൽ അയാറം തൻെറ ആവലാതി കോടതിയിൽചെന്നു ബോധിപ്പിച്ചു. കൃഷിക്കാർ അങ്ങിനെ മേയുവാൻ സമ്മതിക്കുന്നതു് ഇഷ്ടമായിട്ടല്ല, അസൌകര്യം കൊണ്ടായിരിക്കാം. എന്നാലും അതു ഒരു കാലത്തും സമ്മതിക്കരുതു്. അക്കൂട്ടരെ തീർച്ചയായും ഒരു നല്ലപാഠം പഠിപ്പിക്കണം:

കോടതിമുഖേനെ അയാറം ഒരുത്തനു നല്ല പാഠം പഠിപ്പിച്ചു. പിന്നെ മറെറാരുത്തനും ഒരുത്തനു പിഴനല്കി, പിന്നേയും ഒരുത്തനുകൂടി. ജനങ്ങറംക്കിടയിലെല്ലാം വല്ലാത്തപരാതിയായി. പക്കീരത്തിന്നു എതിരെ എല്ലാവരും ഗൂഢാലോചനറംനടത്തി; അയാളുടെ സർവ്വവിളവും നശിപ്പിച്ചുകളയണം. ഒരുത്തനു ഒരു സൂത്രം തോന്നി. അ

വൻ ഒരു ദിവസം അർദ്ധരാത്രി പതുങ്ങിപതുങ്ങിവന്നു പക്ഹത്തിൻെറ കുന്നിൻചെരുവിലുള്ള മരത്തിൻെറ തൊലിയെല്ലാം ചെത്തികളെഞ്ഞു കൊമ്പുകൾ വെട്ടിമുറിച്ചു പോയി. പിറെറ ദിവസം പക്ഹം ആ വഴിക്കു സഞ്ചരിച്ചപ്പോൾ ഈ അത്യാഹിതം സംഭവിച്ചതായി കണ്ടു. അയാളുടെ മുഖം വിവൎണ്ണമായി. അയാൾ അടുത്തുചെന്നു. ഒരു മരത്തിന്നുമാത്രം ഒന്നും പററിയിട്ടില്ല. മറെറതെല്ലാം നശിപ്പിച്ചുകളഞ്ഞിരിക്കുന്നു. പക്ഹത്തിന്നു കലികയറി. "ഹാ ഇതു നശിപ്പിച്ച ആ കുരുത്തം കെട്ടവനെ എനിക്കു പിടികിട്ടിയെങ്കിൽ ഞാൻ അവനെ ജീവനോടെ ദഹിപ്പിച്ചുകളയും" അയാൾ പല്ലുകടിച്ചുകൊണ്ട് ഗൎജ്ജിച്ചു. ആരാണീകൃത്യം ചെയ്തതു്? അയാൾ തല പുകഞ്ഞിരുന്നുകൊണ്ട് ആലോചിച്ചു "അതെ", അയാൾ ഒടുവിൽ തീൎച്ചപ്പെടുത്തി"; ഇതു് "സെംഖാ" തന്നെയായിരിക്കും. അയാൾ ഉടനെത്തന്നെ "സെംഖാ"യുടെ വീട്ടിൽച്ചെന്നു. പക്ഷെ, അവിടെ നിന്നു തെറികേട്ടു മടങ്ങിയതല്ലാതെ യാതൊരു പ്രയോജനവും ഉണ്ടായില്ല. എങ്കിലും പക്ഹം ഹൃദയംകൊണ്ടു് തീൎച്ചപ്പെടുത്തി ഇതു ചെയ്തതു "സെംഖാ" തന്നെയാവണം. അയാൾ കോടതിയിൽചെന്നു് സെംഖായുടെ പേരിൽ പരാതിബോധിപ്പിച്ചു. ഇരുവരും നിശ്ചിതദിവസം കോടതിയിൽ ഹാജരാകുവാൻ കല്പനയായി. ന്യായാധിപൻ തല പുകഞ്ഞിരുന്നു ആലോചിച്ചു, യാതൊന്നും മനസ്സിലായില്ല. ഒടുവിൽ പറയത്തക്കതെളിവുകളൊന്നും ഇല്ലാത്തതിനാൽ കേസ്സ് തള്ളി. പക്ഹത്തിന്നു കൂടുതൽ നിരാശതോന്നി. അയാൾ

തന്നെത്താൻ കരുതിയിരുന്ന ഗ്രാമത്തലവനേയും ന്യായാധിപനേയും വെറുത്തു പറയുവാൻ തുടങ്ങി. "ന്യായാധിപൻ! അയാൾ കള്ളന്മാരുടെ തലവനാണ്. സത്യസന്ധനാണെങ്കിൽ സെംഖനെ വെറുതെ വിടുകയില്ല. തീച്ചതന്നെ" അങ്ങിനെ പക്ഹം ആ നാട്ടുകരുടെ പേരിലും, ന്യായാധിപൻെറ പേരിലും അതൃപ്തിപ്പെടുത്തി. അയാൾ ഈ വക കലാപങ്ങളൊന്നും ഇനി തുടരാതിരിക്കുവാൻ വേണ്ടി, കുറച്ചുകാലംചെന്നു താമസം തുടങ്ങി.

പക്ഷെ, അതിന്നിടയിൽ ആ ഗ്രാമത്തിൽ ഒരു വർത്തമാനം പരന്നു, അവിടത്തെ കൃഷിസംഘടന ഇല്ലാതാകുവാൻ പോകയാണെന്ന്. ഇതുകേട്ടപ്പോൾ പക്ഹം ഉള്ളിൽ നിനച്ചു് "എനിക്കിപ്പോൾ ആ ഭൂമിയെല്ലാം ചുരുങ്ങിയ ഒരു വിലക്ക വാങ്ങിക്കാം. അങ്ങിനെ വിസ്തീർണ്ണമായ ഒരു വയൽ ഉണ്ടാക്കി സുഖത്തോടെ ജീവിതം നയിക്കാം."

ഒരു ദിവസം പക്ഹം തൻെറ വീട്ടിൽ ഇരിക്കുമ്പോൾ അതുവഴി കടന്നുപോയിരുന്ന ഒരു കൃഷിക്കാരൻ യാദൃച്ഛികമായി അവിടേക്കു കയറിവന്നു. പക്ഹം ആഗതനെ സല്കരിച്ചു് ഇരുത്തി. അന്ന് ആ കൃഷിക്കാരൻ പക്ഹത്തിൻെറ അതിഥിയായി അവിടെ താമസിക്കുകയാണുണ്ടായതു്. അന്നു രാത്രി സംഭാഷണത്തിന്നിടയിൽ അതിഥി എവിടത്തുകാരനാണെന്നെല്ലാം പക്ഹം ചോദിച്ചറിഞ്ഞു. "വോൾഗ എന്ന സ്ഥലത്തായിരുന്നു അയാളുടെ ജോലി." അവിടത്തെ കൃഷിസമ്പ്രദായത്തെക്കുറിച്ചും മററും അതിഥി തുടൎന്നു. "അവിടെ കൃഷി സംഘടനയുണ്ടു്. ഓരോരുത്തന്നും മുപ്പതു ഏ

ക്കർ ഭൂമി നോക്കാം. അവിടത്തെ ഭൂമി! ഹാ! അതു് എത്ര ഫലവത്തേറിയതാണു്? ഒരാൾക്കു് ഒളിഞ്ഞുനില്ക്കാവുന്ന അത്ര ഉയരത്തിലാണു് കതിരുകൾ ഉണ്ടാവുക! "എന്തിന്നു പറയുന്നു. അതിഥി അത്ഭുതാദി വികാരത്താൽ തുടന്നു. "ഒരു മനുഷ്യൻ അവിടെ വെറുതെയങ്ങു് അലഞ്ഞുതിരിഞ്ഞുവന്നതാണു്. ഇപ്പോൾ തന്നത്താൻ സ്വപ്രയത്നംകൊണ്ടു് ഏകദേശം അയ്യായിരം രൂബിൾ ആ മനുഷ്യൻ സമ്പാദിച്ചുകഴിഞ്ഞു.

പക്ഹം ഇരുന്നു മിഴിച്ചുപോയി. അയാൾ തന്നത്താൻ ഇരുന്നു ചിന്തിച്ചു. "ഈ കൊള്ളരുതാത്ത നാട്ടിൽ ഞാനെന്തിന്നു കിടന്നു നരകിക്കണം? ഞാൻ ഇപ്പോൾതന്നെ എന്റെ സർവ്വഭൂമിയും പുരയിടവും വിററു് അവിടെ ചെന്നു് പുതുതായി പുരയും ഭൂമിയും വാങ്ങിച്ചു് താമസം തുടങ്ങും. ഹാ! ഈ നരകത്തിൽകിടന്നു് എന്തിന്നുഴലണം? ഏതായാലും ഒന്നങ്ങോട്ടു പോവുകതന്നെ!, അവിടത്തെ കാര്യങ്ങളെക്കുറിച്ചു കൂടുതൽ വിവരങ്ങൾ ശേഖരിക്കണം."

അക്കൊല്ലം വേനല്ക്കാലത്തിൽ അയാൾ ആ നാട്ടിലേക്ക പോകുവാനായി എല്ലാഒരുക്കങ്ങളും ചെയ്തു. അയാൾ ഒരു ബോട്ടിൽകയറി ആ സ്ഥലത്തു ചെന്നുപററി. അന്നു് അതിഥി പറഞ്ഞതുപോലെതന്നെ, ആ ഗ്രാമം വളരെ ഫലവത്തേറിയതായിരുന്നു. അവിടത്തെ ഓരോ കൃഷിക്കാരനും ഉദ്ദേശം മുപ്പതോളം ഏക്കർ ഭൂമിയുണ്ടു്. അവർക്കെല്ലാം അവിടെ ജോലിയെടുത്തു സുഖമായി ജീവിക്കാം. ആ നാട്ടിൽ തനിക്ക തീർച്ചയായും സ്വാഗതമരുളും. അവിടേക്ക

പണമായി ചെല്ലുന്നവർക്ക് ഇഷ്ടാനുസരണം ഭൂമി വാങ്ങിക്കാമെന്നും അയാൾ കേട്ടിരുന്നു. ഒരു റൂബിൾ കൊടുത്താൽ ഒരു ഏക്കർഭൂമി!

അവിടെച്ചെന്ന് പക്കോം ഇതെല്ലാം നല്ലവണ്ണം പഠിച്ചു. അടുത്തമാസം അയാൾ വീട്ടിലേയ്ക്കുതിരിച്ചു. അയാൾ തൻെറ സ്വന്തവയലുകളും വീടും മററും ഓരോന്നായി വില്ക്കുവാൻതുടങ്ങി. അവിടത്തെ കൃഷിസംഘടനയിൽനിന്ന് അയാൾ ഒഴിവായി. അടുത്തമാസത്തിൽതന്നെ തൻെറ വീട്ടുകാരരൊരുമിച്ചു ആ പുതിയ രാജ്യത്തേയ്ക്കു് യാത്രതിരിച്ചു. അവിടത്തെ കൃഷിസംഘടനയിൽ, കരാറുകളെല്ലാം വേണ്ടതുപോലെ ഒപ്പിട്ടശേഷം, പക്കോം ചേർന്നു. അവർ പക്കോത്തിന്ന് നൂററിഅമ്പതു ഏക്കർഭൂമി ഏല്പിച്ചുകൊടുത്തു. അതായതു് ഒരംഗത്തിന്ന് 30 ഏക്കർ ഭൂമി എന്നതായ കണക്കനുസരിച്ചു്. അയാൾ അവിടെ ഒരു വീടു് പണിയിച്ചു. പണ്ടുണ്ടായിരുന്നതിനേക്കാൾ ഇപ്പോൾ ഇരട്ടിഭൂമി കൈവശമുണ്ടു്. അവിടത്തെ ജീവിതം എന്തുകൊണ്ടും വളരെ സുഖംതന്നെ! ഇവിടത്തെ ഭൂമിയിൽ നെല്ലുക്കൂടി വിളയും.

ആദ്യം ആ ജീവിതത്തിൽ അയാൾക്കു് എന്തുകൊണ്ടും സമൃദ്ധിതോന്നിയിരുന്നു. എങ്കിലും ഓരോദിവസം കഴിയുന്തോറും അയാൾക്കു് കുറെശ്ശെ വിഷമതകൾ അനുഭവപ്പെടുവാൻ തുടങ്ങി. ആ ഭൂമിയിൽ നല്ല വെള്ളഗോതമ്പു് വിതക്കണമെന്ന് അയാൾക്കു് ആശതോന്നി. പക്ഷെ, അയാൾക്കു് ലഭിച്ച ആ അഞ്ചു് ഓഹരി ഭൂമിയിലും മററുള്ളവ

രെപോലെ വെള്ളഗോതമ്പ് വിളയുകയില്ല. വളരെ ഇഴ്ക്കംചെന്ന വയലുകൾ പക്ഹത്തിന്നുണ്ടു്. പക്ഷെ, അവിടെ ആ പ്രത്യേകതരം ഗോതമ്പ് വിളയുകയില്ല, എന്തുകൊണ്ടെന്നാൽ നല്ല ഉറപ്പുള്ള ഭൂമിവേണം. അത്തരം ഭൂമിക്കവേണ്ടി ധാരാളം അപേക്ഷകൾ കൃഷകരിൽനിന്ന് ചെന്നൊത്തിയിട്ടുമുണ്ട്. അവരുടെയിടയിൽതന്നെ വലിയ വഴക്കാണ്.

ആദ്യത്തെകൊല്ലം പക്ഹം തന്നാത്താൻ കൊയ്തെടുത്തു. അയാൾക്ക സമൃദ്ധമായി വിളവുണ്ടായിരുന്നു. ആ വയലിൽ വീണ്ടും വിതക്കുവാൻ അയാൾ ആഗ്രഹിച്ചു; പക്ഷെ, ഒരു കൊല്ലം വിളവെടുത്താൽ അടുത്തകൊല്ലം പിന്നെ വിതക്കുവാൻ ഒക്കുകയില്ല. അതുകൊണ്ടു് അയാളുടെ ഹൃദയത്തിൽ മറെറാരു ആഗ്രഹംകൂടി ഇഴഞ്ഞുകയറാൻതുടങ്ങി—കുറച്ചുകൂടി വയൽ വാങ്ങിക്കുവാൻ! അയാൾ അതിന്നുവേണ്ടി, ഒരു കച്ചവടക്കാരനെ സമീപിച്ചു. പിന്നെ അയാളുടെ പക്കൽനിന്ന് കുറച്ചുവയൽ ഒരു കൊല്ലം പാട്ടത്തിനെടുത്തു. അയാൾ ആ വയലിൽ ധാരാളം വിതച്ചു. നല്ലൊരു വിളവെടുത്തു. പക്ഷെ, അയാളുടെ വീട്ടിലേയ്ക്കു് അവിടെനിന്ന് ഉദ്ദേശം രണ്ടുഫർലോങ്ങ് ദൂരമുണ്ടായിരുന്നു. അവിടെയുള്ള കൃഷിക്കാരായ കച്ചവടക്കാർ ഇപ്രകാരം കൃഷിചെയ്തു പണം സമ്പാദിക്കുന്നതുകണ്ട് പക്ഹത്തിന്നു അസൂയതോന്നി. അയാൾ ഉള്ളിൽ വിചാരിച്ചു. "അവരെപോലെ കുറച്ചധികം കൊല്ലത്തേയ്ക്കു് വയൽ എടുക്കുകയാണെങ്കിൽ എനിക്കും പണം സമ്പാദിക്കാമല്ലോ?" അതുകൊണ്ട് പക്ഹം അതിന്നുവേണ്ടി പരിശ്രമിക്കുവാൻ തുടങ്ങി.

അങ്ങിനെ അവിടത്തെ വയലിൽ വിളവെട്ടത്തുകൊണ്ടു് പക്ഹം ഉദ്ദേശം ഒരഞ്ചുകൊല്ലത്തോളം അവിടെ ജീവിച്ചു. എല്ലാ കൊല്ലവും വിളവുനന്നായിരുന്നതിനാൽ അയാൾക്ക് ധാരാളം പണം സമ്പാദിക്കുവാൻ കഴിഞ്ഞിരുന്നു. പക്ഷെ, ആ പരുപരുത്ത ജീവിതം അങ്ങിനെ തുടൎന്നുപോകുവാൻ, അയാൾക്കു വലിയ വിഷമം തോന്നി. അയാൾ അവിടെ കുറച്ചു ഭൂമി കൂടി വാങ്ങിച്ചു വിളവു മുഴുവൻ അവിടെ സൂക്ഷിക്കുവാൻ തുടങ്ങി.

എവിടെയെങ്കിലും കുറച്ചു ഫലപുഷ്ടിയുള്ള ഭൂമിയുണ്ടെങ്കിൽ അവിടെക്കെല്ലാം ജനങ്ങൾ പാഞ്ഞെത്തിക്കൂടിയിരുന്നു. അതുകൊണ്ടു് ആരെങ്കിലും ഒരുത്തൻ അവിടെ ചെന്നു കൃഷി തുടങ്ങിയെന്നു കണ്ടാൽ മററുള്ളവർ അവിടെയെത്തിക്കൂടി ആ ഭൂമി പങ്കു വെച്ചിരുന്നു. ഒരിക്കൽ പക്ഹം അതുപോലെ ഏതോ ഒരു കൃഷിക്കാരൻെറ ഭൂമിയിൽ ചെന്നു് കൃഷി തുടങ്ങി. അവർ നിയമപ്രകാരം അതിന്നു തടഞ്ഞു. അതുകൊണ്ടു് പക്ഹത്തിന്നു അക്കൊല്ലത്തെ പ്രയത്നമെല്ലാം നിഷ്പ്രയോജനമായിത്തീൎന്നു.

അന്നുമുതല്ക്കു് പക്ഹത്തിൻെറ ചിന്താവിഷയം സ്വന്തമായി കുറച്ചു ഭൂമികൂടി വാങ്ങിച്ചു കൃഷി തുടങ്ങണം എന്നായി. അങ്ങിനെ പരിശ്രമിച്ചുകൊണ്ടിരിക്കെ പക്ഹം വേറൊരു കൃഷിക്കാരനെ കണ്ടുമുട്ടി. അയാൾ തൻെറ ആയിരത്തിഅഞ്ഞൂറോളം ഏക്കർ വിസ്താരംവരുന്ന വയൽ വളരെ നിസ്സാരമായ വിലക്കു വില്ക്കുവാൻ തുനിഞ്ഞു നില്ക്കുകയായിരുന്നു. കുറച്ചു പിശങ്ങിയതിന്നുശേഷം വില നിൎണ്ണ

യിച്ചു. ആയിരം റൂബിൾ! പകുതി ഇപ്പോൾതന്നെ! ബാക്കിയുള്ളതു് ഏതാനും നിശ്ചിതകാലാവധികളിൽ അടച്ചുതീക്കുക.

അങ്ങിനെയിരിക്കെ ഒരു ദിവസം പക്ഹത്തിന്റെ വീട്ടിലേക്ക മറെറാരുകൃഷിക്കാരൻ കയറിവന്നു. അവർ ചായകുടിച്ചതിന്നുശേഷം ഓരോ വർത്തമാനങ്ങൾ പറയുവാൻ തുടങ്ങി. വർത്തമാനത്തിന്നിടയിൽ അതിഥി തുടന്നു:

“ഞാൻ ഇപ്പോൾ വളരെയധികം വഴിനടന്നു ക്ഷീണിച്ചാണു് വരുന്നതു്. “ബാഷ്കിർ” എന്ന സ്ഥലത്തുനിന്നു്! അവിടെ ഞാൻ പതിനായിരം ഏക്കർ ഭൂമി വെറും ആയിരം റൂബിൾ കൊടുത്താണു് വാങ്ങിയതു്.”

പക്ഹം തന്നത്താൻ ഇരുന്നു മിഴിച്ചുപോയി. പക്ഹത്തിന്റെ ചോദ്യത്തിന്നു് ആഗതൻ വീണ്ടും തുടന്നു.

“അവിടെ പുഴയുടെതീരത്തുള്ള വളരെ ഫലപുഷ്ടിയേറിയ ഒരു ഭൂമിയാണതു്. നിങ്ങൾ ഒരിക്കലും സ്വപ്നം കണ്ടിട്ടുപോലുമുണ്ടാകയില്ല ഇത്രയും സമ്പൽസമൃദ്ധമായ ഒരു സ്ഥലം. തന്നേയുമല്ല, അവിടെയുള്ള ജനങ്ങൾ പച്ചപ്പാവങ്ങളുമാണു്. വളരെ ചുരുങ്ങിയ വിലക്കു് അവരുടെ പക്കൽനിന്നു് എത്ര ഭൂമിവേണമെങ്കിലും കിട്ടും.”

പക്ഹം തന്നത്താൻ ഇരുന്നാലോചിച്ചുപോയി.

“ആയിരം റൂബിൾ കൊടുത്തു് ഇവിടെ ലഭിക്കുന്നതു വെറും ആയിരത്തിഅഞ്ഞൂറു് ഏക്കർ ഭൂമിമാത്രം! എന്നിട്ടും കഴുത്തിൽ വലിയൊരു ഋണഭാരവുംകൊണ്ടു നടക്കണം.

എന്നാൽ ഈ പണംകൊണ്ട് അവിടെച്ചെന്നു കുറെ ഭൂമി വാങ്ങിച്ചുകൂടാ!

കച്ചവടക്കാരൻെറ പക്കൽനിന്ന് പക്ഷെ ആ പുതിയ "ബാഷ്കിർ" പട്ടണത്തിലേക്കു പോകുവാനുള്ള മാർഗ്ഗങ്ങളെല്ലാം ആരാഞ്ഞറിഞ്ഞു. അയാൾ പോയ ഉടനെത്തന്നെ പക്ഷെ അവിടേക്ക് യാത്രപുറപ്പെടുകയും ചെയ്തു. അയാൾ അവിടെ വന്നിരുന്ന കച്ചവടക്കാരൻെറ നിർദ്ദേശമനുസരിച്ച് ഒരുപെട്ടി ചായയിലയും മററും വാങ്ങി ഭാര്യയെ അവിടെത്തന്നെ നിറുത്തിക്കൊണ്ട്, തൻെറ ഒരു വിശ്വസ്ത കാര്യസ്ഥനേയും വിളിച്ച് ആ പുതിയ സ്ഥലത്തേക്കു പുറപ്പെട്ടു. രണ്ടുപേരുംകൂടി യാത്രതുടങ്ങി, ഏഴാമത്തെദിവസം "ബാഷ്കിഷി"ലെത്തി. കച്ചവടക്കാരൻ നിർദ്ദേശിച്ചിരുന്നതുപോലെ പക്ഷെ അവിടെച്ചെന്നു തൻെറ പരിപാടി തുടങ്ങി.

ആ ഗ്രാമത്തിൽ ജനങ്ങൾ താമസിച്ചിരുന്നത് ഒരുവക ഓടുമേഞ്ഞ വൃത്തികെട്ട ഉന്തുവണ്ടികളിലായിരുന്നു. രാത്രിയായാൽ ആ വണ്ടിക്കുടുംബങ്ങൾ എല്ലാം പുഴയുടെ വക്കത്തു തിങ്ങിക്കൂടും. അവർ വയലുകൾ ഉഴുതിരുന്നില്ല, എന്നുമാത്രമല്ല ധാന്യം ഭക്ഷിക്കുകകൂടി ചെയ്തിരുന്നില്ല. അവിടത്തെ പ്രധാന ആഹാരസാധനം കുതിരപ്പാലാണ്. അതുകൊണ്ട് അവിടത്തെ സ്ത്രീകൾ "കുമ്മീസ്സ്" എന്ന പേരിലുള്ള ഒരുതരം മധുരപാനീയവും പിന്നെ പലഹാരവും ഉണ്ടാക്കിയിരുന്നു. ഈ "കുമ്മീസ്സും" "ചായയും" മാത്രമേ അവർ മധുരപാനീയങ്ങളായി കരുതിയിരുന്നുള്ളു; പിന്നെ

ഇറച്ചി. അവരുടെ പ്രധാനവിനോദം കുഴലൂതി രസിക്കുന്നതിലാണ്. ഇത്രയൊക്കെ അപരിഷ്കൃതരായാലും അവരെല്ലാം കാൎയ്യത്തിൽ വളരെ ഉത്സാഹശീലന്മാരും, ആരോഗ്യമുള്ളവരും ആയിരുന്നു. കൊല്ലം മുഴുവനും അവർ ഒഴിവുദിവസങ്ങൾപോലെ തള്ളിനീക്കും. വിദ്യാഭ്യാസം അവരുടെ ഇടയിൽ തീരെ ഇല്ലെന്നുതന്നെ പറയാം. റഷ്യൻഭാഷ എന്താണെന്നുകൂടി അവൎക്ക് വാസ്തവത്തിൽ നിശ്ചയമുണ്ടായിരുന്നില്ല. എന്നിരുന്നാലും അവർ കാൎയ്യത്തിൽ ഒരു പ്രത്യേക ആകൎഷണശക്തിയുള്ളവരാണെന്നു പറയാതെ തരമില്ല.

അവർ പക്ഹത്തിനെ കണ്ടപ്പോൾ അത്ഭുതംകൊണ്ട് ചുററും വളഞ്ഞുകൂടി മിഴിച്ചുനിന്നുപോയി. അവരുടെ ഇടയിൽ ഉണ്ടായിരുന്ന ഒരു അഭിഭാഷകൻ മുഖേന, താൻ കുറച്ചു വയൽ വാങ്ങിക്കുവാനാണ് അവിടെ വന്നിരിക്കുന്നതെന്നു പക്ഹം അവരെ അറിയിച്ചു. അവിടെ കൂടിനിന്നിരുന്ന ആ അപരിഷ്കൃതരായ ജനക്കൂട്ടത്തിന്ന് ഈ വാൎത്ത കൂടുതൽ ആനന്ദമുളവാക്കി. അവർ പക്ഹത്തെ വളരെ മനോഹരമായ ഒരു വണ്ടിയിൽകയററി, നല്ല ഇരിപ്പിടം നല്കി ഇരുത്തി, പിന്നെ "കുമ്മീസ്സി"നും മററു മധുരപലഹാരങ്ങൾ കൊണ്ടുവരുവാനും ആജ്ഞാപിച്ചു. ഒരു നല്ല ആട്ടിൻകൊററനെക്കൊന്ന് അതിൻെറ ഇറച്ചി പാകംചെയ്തു പക്ഹത്തിന്നു വിളമ്പിക്കൊടുത്തു. പക്ഹം താൻ കൊണ്ടുവന്ന തേയില അവൎക്കിടയിൽ പങ്കുവെച്ചുകൊടുത്തു. ആ ജനങ്ങളൊക്കെ പക്ഹത്തിൻെറ പക്കൽനിന്നു

പലതും ഗ്രഹിക്കുവാനായി ഉണ്ടായിരുന്നു. അവർ അഭിഭാഷകൻമുഖേന ആശയവിനിമയം ചെയ്തു.

"ഇവിടെ കൂടിയിരിക്കുന്നവരുടെയെല്ലാംപേരിൽ ഞാൻ നിങ്ങൾക്കു വന്ദനം പറഞ്ഞുകൊള്ളുന്നു. ഇവിടെ വരുന്നതായ അതിഥികളെയെല്ലാം സല്ക്കരിക്കേണ്ടതു ഞങ്ങളുടെ കർത്തവ്യമാണ്. നിങ്ങൾ ഞങ്ങൾക്കുവേണ്ടി അന്യനാട്ടിൽനിന്ന് ഇത്രയും വിലപിടിച്ച സാധനങ്ങൾകൊണ്ടുവന്നു തന്നതുമൂലം ഞങ്ങളുടെ പക്കൽനിന്ന് എന്തുവേണമെങ്കിലും ആവശ്യപ്പെടാം. ഞങ്ങൾ അതു സംഭാവനയായി തന്നുകൊള്ളാം."

പക്ഹം അല്പസമയം ചിന്താമഗ്നനായി ഇരുന്നു. പിന്നെ ഇപ്രകാരം മറുപടികൊടുത്തു:

"എനിക്കിപ്പോൾ ആവശ്യമുള്ളതു് നിങ്ങളുടെ കുറച്ചു് ഭൂമിമാത്രമാണ്." അയാൾ തുടർന്നു. "ഞാൻ ഇപ്പോൾ വരുന്നതായ സ്ഥലത്തു് ഭൂമി തീരെയില്ല. കുറച്ചുള്ളതിൽ കൃഷിയും ധാരാളമായി. നിങ്ങൾക്കാണെങ്കിൽ ഇവിടെ ധാരാളമുണ്ടു്!"

ആ അഭിഭാഷകൻ പക്ഹം പറഞ്ഞതെല്ലാം അവിടെ കൂടിയിരുന്ന ജനങ്ങൾക്കു് വിവരിച്ചുകൊടുത്തു. വാസ്തവത്തിൽ അവർ അന്യോന്യം പിറുപിറുക്കുന്നതെന്തെന്നു് പക്ഹത്തിന്നു മനസ്സിലായില്ലയെങ്കിലും, അവരുടെ വദനങ്ങളിൽ കളിയാടിയിരുന്ന ഉന്മേഷവും, ആഹ്ലാദവും കണ്ടു് അയാളുടെ അകത്തളിർ ഒന്നുകുളിർത്തു. അവർ നിശ്ശബ്ദരായപ്പോൾ അഭിഭാഷകൻ പക്ഹത്തിനോടു പറഞ്ഞു:

"നിങ്ങൾ ചെയ്ത ഉപകാരത്തിന്ന് ആവശ്യമുള്ളത്ര ഭൂമി വില്ക്കുവാൻ ഞങ്ങൾ തയ്യാറാണ്. നിങ്ങൾ ഏതുകശമൊന്നങ്ങു പറഞ്ഞേക്കൂ!"

ഇതുകേട്ടപ്പോൾ അവിടെ കൂടിയിരുന്ന ജനങ്ങൾ എന്തോ പരസ്പരം പിറുപിറുത്തു തർക്കിക്കുവാൻ തുടങ്ങി. അതിന്നുള്ള കാരണമെന്തെന്ന് പക്ഹം അന്വേഷിച്ചപ്പോൾ ആ അഭിഭാഷകൻ ഇപ്രകാരം തുടന്നു:

"ചിലർ പറയുന്നതു് ഇതു് "സ്റ്റാഷൈന"യോട്—ഗ്രാമാധിപനോട്—ആരാഞ്ഞിട്ടുവേണം എന്തെങ്കിലും പ്രവത്തിക്കുവാനെന്നാണ്; ചിലർ അതിന്നു വിപരീതാഭിപ്രായക്കാരും!

അവർ അങ്ങിനെ പരസ്പരം തർക്കിച്ചുകൊണ്ടിരിക്കുന്നതിന്നിടയിൽ, ഒരു നല്ലവണ്ടിയിൽ, ഒരു പുതിയതരം തൊപ്പിയും ധരിച്ച് ഒരു മനുഷ്യൻ അവിടെ വന്നിറങ്ങി. അയാളുടെ ആഗമനത്തോടെ സദസ്സ് നിശബ്ദമായി. എല്ലാവരും എഴുന്നേററുനിന്നു വണങ്ങി. ആ മനുഷ്യനാണ് സ്റ്റാഷൈനാ"—ഗ്രാമാധിപൻ! പക്ഹം തൻെറ കയ്യിൽ നിന്ന് കുറച്ചു ചായയിലയും മററു വിശേഷപദാത്ഥങ്ങളും എടുത്തു ഗ്രാമാധിപന്നു കാഴ്ചവെച്ചു. അയാൾ അതു സസന്തോഷം സ്വീകരിച്ചു. പിന്നെ അവിടെയുള്ള ഒരു പീഠത്തിൽ ഇരിപ്പുറപ്പിച്ചു. ജനങ്ങൾ ഓരോ സംഗതികളും അയാളോടു് വിവരിക്കുവാൻ തുടങ്ങി. അയാൾ അതെല്ലാം സശ്രദ്ധംകേട്ടു. പിന്നെ നേരിയതായി ഒന്നു പുഞ്ചിരിതൂകികൊണ്ടു് പക്ഹത്തിനോടു് റഷ്യൻഭാഷയിൽ തുടന്നു.

"ശരി! ഗ്രാമാധിപൻ പറഞ്ഞു.

"ഞങ്ങൾക്കിവിടെ ധാരാളം ഭൂമിയുണ്ട്. നിങ്ങൾക്ക ഏതാണ് ആവശ്യമെങ്കിൽ തിരഞ്ഞെടുക്കാം."

പക്ഹത്തിൻെറ ഹൃദയത്തിൽക്കൂടി ആനന്ദത്തിൻെറ ഒരു വേലിയേററംതന്നെയുണ്ടായി. അയാൾ ഉള്ളിൽ നിന ച്ചു: "എനിക്കഇഷ്ടമുള്ളതു എടുക്കാം, അതുകൊണ്ട് ഇവി ടെവെച്ചുതന്നെ കരാർ ഉറപ്പിക്കുന്നതു നന്നായിരിക്കും."

"വളരെ നന്ദി. നിങ്ങൾക്ക ധാരാളം ഭൂമിയുണ്ടെന്ന തു് എനിക്കറിയാം. എനിക്കതിൽ കുറച്ചുവേണം. അതു് ഏതാണു വേണ്ടതെന്നു് ഞാൻ പിന്നെ പറയാം.....ഈ ജീവിതത്തിന്നും മരണത്തിന്നും ഇടക്ക് സാക്ഷി ദൈവം ഒ രുത്തനാണ്........" നിങ്ങൾ എനിക്കിപ്പോൾ, ഞാൻ ആവശ്യപ്പെട്ടതു തന്നുവെന്നുതന്നെ വരാം. പക്ഷെ, നിങ്ങ ളുടെ മക്കൾ വലുതാകുമ്പോൾ അവർ ഇതെല്ലാം തിരിച്ചെ ടുത്താൽ..........!?

ഗ്രാമാധിപൻ പുഞ്ചിരി തൂകി.

"കരാറോ? അതെല്ലാം ഇപ്പോൾതന്നെ കഴിഞ്ഞു. ഈ കൂടിയിരിക്കുന്ന യോഗത്തിൽ ഇതാ അതുറപ്പിച്ചുക ഴിഞ്ഞു."

"എങ്കിലും!" പക്ഹം ഒരു അനുനാസികാസ്വര ത്തിൽ തുടന്നു:

"നിങ്ങൾ പണ്ട് ഒരു മനുഷ്യന്നു കുറച്ചു ഭൂമി വിററ പ്പോൾ എന്തോ ചില കരാറെല്ലാം നടത്തിയെന്നു കേട്ടു. അ തുപോലെയൊന്നെനിക്കും!"

ഗ്രാമാധിപന്നു് ഓൎമ്മവന്നു.

"എന്നാൽ ശരി" നമ്മൾക്ക പട്ടണത്തിലേക്കപോകാം. അവിടെയൊരു എഴുത്തുകാരനുണ്ടു്. ആവശ്യമുള്ള മുദ്രയെല്ലാം അടിക്കാം."

"ഏതായാലും നിങ്ങളുടെ ഭൂമിക്കു് എന്തു വിലയാണു്?" പക്ഹം ചോദിച്ചു.

"ഞങ്ങളുടെ വിലയോ? ഗ്രാമാധിപൻ ഉത്തരം പറഞ്ഞു: "ഒരു ദിവസത്തേയ്ക്കു് ആയിരം റൂബിൾ മാത്രം."

ഈ ദിവസനിരക്കിന്റെ പൊരുൾ പെട്ടന്നു് പക്ഹത്തിന്നു ഗ്രാഹ്യമായില്ല.

"എന്നു പറഞ്ഞാൽ അതിൽ എത്ര ഏക്കർ ഭൂമിയുൾപ്പെടും?" പക്ഹം ചോദിച്ചു.

"ഞങ്ങൾ അങ്ങിനെയല്ല വില്ക്കുന്നതു്. ഞങ്ങൾ ദിവസനിരക്കിന്നു മാത്രമെ വില്ക്കുകയുള്ളു—എന്നു പറഞ്ഞാൽ ഒരു ദിവസം നിങ്ങൾ എത്രത്തോളം വട്ടംചുററിവരുമോ അത്രയും ഭൂമി! അതു നിങ്ങളുടേതായി. അങ്ങിനെയാണു് ഞങ്ങളുടെ അളവു്. അതിന്നു് ആയിരം റൂബിൾ വില."

പക്ഹം ഇരുന്നു് ആകപ്പാടെ മിഴിച്ചുപോയി. "ഒരു മനുഷ്യന്നു് ഒരു ദിവസംകൊണ്ടു് കുറച്ചധികം നടക്കുവാൻ കഴിയും—"

ഗ്രാമാധിപൻ വീണ്ടും പുഞ്ചിരിതൂകിക്കൊണ്ടു് തുടൎന്നു.

"എന്തുതന്നെയായാലും അത്രയും ഭൂമി നിങ്ങൾക്കുള്ളതു്. പക്ഷെ, ഒരു കാൎയ്യം! തുടങ്ങിയസ്ഥലത്തു് അന്നത

ന്നെ തിരിച്ചെത്തിയില്ലെങ്കിൽ നിങ്ങളുടെ പണമെല്ലാം നഷ്ടപ്പെടും.''

"അവിടെ നിങ്ങൾ എങ്ങിനെ നിശ്ചയിക്കും" പക്ഹോം തൻെറ സംശയം ചോദിച്ചു.

ഗ്രാമാധിപൻ ഉത്തരം പറഞ്ഞു:

"ഏതു സ്ഥലം വേണമെങ്കിലും നിങ്ങൾക്കു തിരിഞ്ഞെടുക്കാം. ഞാനും എൻെറ കൂട്ടുകാരും ഇവിടെ നില്ക്കും. നിങ്ങളുടെ പിന്നാലെ ഞങ്ങളുടെ കുറച്ചാളുകൾ സ്ഥലം നിർണ്ണയിക്കുന്നതിന്നു് കുററിയടിക്കുവാൻ ഉണ്ടാകും. നിങ്ങൾക്കു് ഇഷ്ടമുള്ള വ്യാസം ഉണ്ടാക്കാം. പക്ഷെ, ഒരു കാര്യം; സൂര്യൻ അസ്തമിക്കുന്നതിന്നുമുമ്പു് തുടങ്ങിയ സ്ഥാനത്തുവന്നവസാനിക്കുകയും വേണം! നിങ്ങൾക്കു് ഇഷ്ടമുള്ള വ്യാസത്തിൽ ഓടാം—അതൊക്കെ നിങ്ങളുടെ ഇഷ്ടം!

പക്ഹോം അതിന്നു സമ്മതിച്ചു. പിറെറ ദിവസം കാലത്തുതന്നെ അതിന്നു നിശ്ചയിച്ചു. ആ ജനക്കൂട്ടം—പക്ഹോം അടക്കം—മധുരമായപാനീയങ്ങൾ കഴിച്ചു് അന്നു രാത്രിയാകുന്നതുവരെ അവിടെ ആഹ്ലാദിച്ചുകൂടി. പക്ഹോത്തിന്നു ഉറങ്ങുവാൻ ഒരു സ്ഥലംതന്നെ ക്ഷണിച്ചു. പിറെറ ദിവസം ആ പ്രത്യേകസ്ഥലത്തു് എത്തിക്കൂടാം എന്നു് വാഗ്ദാനംചെയ്തുകൊണ്ടു് ഓരോരുത്തർ പിരിഞ്ഞുപോയിത്തുടങ്ങി.

അന്നു രാത്രി പക്ഹോം ഒരു പോള കണ്ണടച്ചില്ല. അയാൾ ആലോചിച്ചുകൊണ്ടു് കിടക്കുകയായിരുന്നു.

"ഞാൻ ഇവിടെ കുടി ഉറപ്പിക്കുവാൻ പോകയാണു്.

നാളെ എങ്ങിനെയായാലും അമ്പതു വെഴ്സാറു്—" അതായതു് 30,000 ഏക്കർ വളയുവാൻ കഴിയും. അങ്ങിനെയാകുമ്പോൾ പിന്നെ ആരേയും കൂസേണ്ട ആവശ്യംതന്നെയില്ല. രണ്ടുകൂലിക്കാരും കുറച്ചു കാളകളും വേണം.

പുലച്ച്യായപ്പോൾ ഒന്നുമയങ്ങിയതല്ലാതെ പക്ഹം അന്നു് രാത്രി ഉറങ്ങിയതേയില്ല. ആ കുറച്ചുസമയത്തിനുള്ളിൽ അയാൾക്കു് ഒരു ദുഃസ്വപ്നമുണ്ടായി.

"അയാൾ വണ്ടിയിൽകിടന്നു് ഉറങ്ങുമ്പോൾ, ആരോ ഉറക്കെ പുറത്തു ചിരിക്കുകയും വർത്തമാനം പറയുന്നതായും കേട്ടു. അതു് ആരാണെന്നു അറിവാൻ പുറത്തു കടന്നപ്പോൾ ഗ്രാമാധിപൻ നിലത്തിരിക്കുന്നു. അങ്ങിനെ പക്ഹം ഗ്രാമാധിപൻെറ അടുക്കെ പതുക്കെ നീങ്ങി വിവരം ചോദിച്ചു. പക്ഷെ, അടുത്തെത്തിയപ്പോൾ അതു് ഗ്രാമാധിപനല്ല, പണ്ടു് അയാളുടെ പക്കൽ വന്നതായ കച്ചവടക്കാരനാണെന്നു മനസ്സിലായി. അയാൾ ഉറക്കെ ആ ഇരിക്കുന്ന മനുഷ്യനോടു ഇപ്രകാരം ചോദിച്ചതായിത്തോന്നി. "നിങ്ങളെയല്ലെ കുറച്ചുമുമ്പു് എൻെറ വീട്ടിൽവെച്ചു കണ്ടതു്?" ആ ചോദ്യം ചോദിച്ചതോടുകൂടി ആ മനുഷ്യൻെറ രൂപമൊന്നു മാറി. അതു ആദ്യം വോൾഗയിൽനിന്നു വന്ന കൃഷിക്കാരനായി. പക്ഹം നല്ലവണ്ണം സൂക്ഷിച്ചുനോക്കി. അതു ആ കൃഷിക്കാരനുമല്ല. ഏതോ ഭയങ്കരനായ പൈശാചികനായി ചെകുത്താൻ! അതെ! ചെകുത്താൻ! രണ്ടുകൊമ്പു്! കുളമ്പു്! അതു നിലത്തിരിക്കുന്നു. പിന്നേ ഭയങ്കരമായി പൊട്ടിച്ചിരിക്കുന്നു. അയാൾ ഒന്നുകൂടി സൂക്ഷിച്ചുനോക്കിയ

ല്ലാം അതു് "പക്ഷം"തന്നെ. നിലത്തു മലന്നടിച്ചുകിടക്കുന്നു. അയാൾ വല്ലാതെ അന്ധാളിച്ചു."

പക്ഷം പെട്ടന്നു ഞെട്ടിയുണൎന്നു. ഈ കഴിഞ്ഞതെല്ലാം വാസ്തവമാണെന്നു് സംശയിച്ചു് അയാൾ ചുററും പകച്ചു നോക്കികൊണ്ടിരുന്നു.

നേരം വെളുത്തുതുടങ്ങി.

"ഹോ! തുടങ്ങാറായി! ഇവരെയെല്ലാവരേയും എഴുന്നേല്പിക്കാം."

പക്ഷം എഴുന്നേററു. പിന്നെ, തന്റെ ഭൃത്യനെ തട്ടിയുണൎത്തി, ഗ്രാമനിവാസികളെ വിളിച്ചുകൊണ്ടു വരുവാൻ പറഞ്ഞയച്ചു. ആ ഗ്രാമനിവാസികൾ എല്ലാം വന്നുചേൎന്നു. ഗ്രാമാധിപനും എത്തി. അവർ കുറച്ചുമധുരപാനീയങ്ങൾ എല്ലാം കൊണ്ടുവന്നിട്ടുണ്ടായിരുന്നു. പക്ഷെ, പക്ഷം അതു കുടിക്കുന്നതിന്നു വിസമ്മതിച്ചു "സമയമായി പുറപ്പെടാം!" പക്ഷം അവരെ ധൃതികൂട്ടി. അവർ എല്ലാവരും—ഗ്രാമാധിപനും, പക്ഷവും കാൎയ്യസ്ഥനും ആ നിശ്ചിത സ്ഥലത്തെത്തി." ഗ്രാമനിവാസികൾ ചുററും തടിച്ചുകൂടിയിട്ടുണ്ടു്. ഗ്രാമാധിപൻ തന്റെ ചൂണ്ടുവിരൽ ഉയൎത്തി പക്ഷത്തിന്നു കാണിച്ചുകൊടുത്തു.

"ഇതാ, ഈ കാണുന്നതെല്ലാം ഞങ്ങളുടെ ഭൂമിയാണു്. നിങ്ങൾക്കു് ഇഷ്ടമുള്ളതു തിരഞ്ഞെടുക്കാം."

പക്ഷത്തിന്റെ മുമ്പിൽ ആ ഫലപുഷ്ടിയുള്ള ഭൂമി, ഹരിതഛവിയോടെ അങ്ങിനെ പുളഞ്ഞു കിടക്കുന്നു!

ആ ഗ്രാമാധിപൻ തന്റെ തൊപ്പിയൂരി പിന്നെ നിലത്തുവെച്ചു് പക്ഷത്തിനോടു് പറഞ്ഞു.

"ഇതാണ് അടയാളം! നിങ്ങളുടെ പണക്കിഴി ഇതിൽ വെയ്ക്കുക! നിങ്ങൾ പോകുമ്പോൾ ഭൃത്യനെ ഇവിടെ കാവൽ നിർത്താം. ഇവിടെനിന്നു പുറപ്പെടാം, ഇവിടെത്തന്നെ വന്നെത്തുകയും വേണം—അത്രയും ഭൂമി നിങ്ങളുടേതു്!"

പക്ഹം തന്റെ പണക്കിഴിയെടുത്തു. പിന്നെ ഗ്രാമാധിപന്റെ തൊപ്പിക്കകത്തു് അതു വെച്ചുകൊടുത്തു. അയാൾ പുറംകുപ്പായം ഊരിവെച്ചു, പിന്നെ കുറച്ചു റൊട്ടിയെടുത്തു മാറിലും, ഒരു കുപ്പിവെള്ളം അരപ്പട്ടയിലും കെട്ടി ഓട്ടത്തിന്നു് തയ്യാർ എടുത്തു. അതിന്നുമുമ്പായി ഏതു ഭാഗത്തിലൂടെയാണ് പോകേണ്ടതെന്നു് തീർച്ചയാക്കുവാൻ ആ വിശാലമായ ഭൂമിയിലേയ്ക്കു് അയാൾ ഒരു വിഹഗവീക്ഷണം നടത്തി.

ഏതായാലും കിഴക്കുഭാഗത്തുകൂടി തുടങ്ങുകതന്നെ" അയാൾ ഒടുവിൽ ഹൃദയത്തിൽ ഉറപ്പിച്ചു. അയാൾ തയ്യാറെടുത്തു നിന്നു. സൂര്യന്റെ ആദ്യത്തെ രശ്മികൾ കിഴക്കെ ചക്രവാളത്തിൽ കണ്ടുതുടങ്ങിയതോടെ പക്ഹം പുറപ്പെട്ടു. ആ ഗ്രാമനിവാസികൾ അവിടെ ചുറ്റും തടിച്ചുകൂടി നില്ക്കുന്നുണ്ടായിരുന്നു.

"അയാൾ വേഗത്തിലുമല്ല—എന്നാൽ സാവധാനത്തിലുമല്ല—ഒരു മദ്ധ്യമവേഗത്തിൽ നടന്നുതുടങ്ങി. ഏകദേശം ഒരു നാഴികയായപ്പോൾ അയാൾ അവിടെനിന്നു, പിന്നെ അതിർത്തി നിർണ്ണയിക്കുന്നതിന്നായി അവിടെ ഒരു മരക്കുററി അടിപ്പിച്ചു, പിന്നേയും പുറപ്പെട്ടു. തെല്ലിട പോയപ്പോൾ

അയാൾ അവിടേയും നിന്ന് ഒരു കുറി അടിപ്പിച്ചു. അനന്തരം അവിടെനിന്നുകൊണ്ട് ആകാശത്തിലേയ്ക്കു ഒന്ന് കണ്ണുകൾ ഉയർത്തി. സൂര്യൻ ഉദിച്ചു! ആ പ്രദേശംമുഴുവൻ ഒരു പാടലമായ ശോഭ പരന്നിട്ടുണ്ട്. ഏകദേശം ഒരു ഒന്നര നാഴിക ഇപ്പോൾ കഴിഞ്ഞിട്ടുണ്ടാകണം. അയാൾ കണക്കാക്കി. അയാളുടെദേഹം വിയർത്തൊലിച്ചിരുന്നതിനാൽ, പുറംകുപ്പായം ഊരി നിലത്തു വലിച്ചെറിഞ്ഞു, ബൽട്ടെടുത്തു വീണ്ടും മുറുക്കിക്കെട്ടി. അയാൾ പിന്നേയും കുറെ ദൂരം ചെന്ന് അവിടെനിന്നു. അപ്പോഴേക്കും നല്ലവണ്ണം വെയിലുദിച്ചുതുടങ്ങിയിരുന്നു. അയാൾ അവിടെയിരുന്നു തൻെറ കാലിന്മേൽനിന്നു ചെരുപ്പെല്ലാം ഊരിക്കളഞ്ഞു. അതുകൊണ്ട് നടക്കുവാൻ കുറച്ചുകൂടി എളുപ്പമായി. "ഇനി ഇവിടെനിന്ന് ഉദ്ദേശം രണ്ടുനാഴികകൂടി പോയാൽ ഇടത്തോട്ടു തിരിക്കാം," അയാൾ ഉള്ളിൽ നിനച്ചു. ആ ഭാഗം വളരെ നല്ലതാണ്. ഏതായാലും അധികം പോകുന്തോറും നല്ല ഫലപുഷ്ടിയുള്ള സ്ഥലം കണ്ടുവരുന്നു! അയാൾ അതിന്നിടയ്ക്ക് പിന്നോക്കം ഒന്നു തിരിഞ്ഞുനോക്കി. അവിടെ നിന്നിരുന്ന ജനങ്ങൾ എല്ലാവരും ഒരുവിധം കൺമറഞ്ഞവിധത്തിൽ—ഉറുമ്പുകൂട്ടം പോലെ— തോന്നിയിരുന്നു.

"ഇപ്പോൾ ഏതായാലും ഒരുവിധം നീളമായി, ഇനി ഒന്നു വളയാം." അയാൾ ഹൃദയത്തിൽ ഉറപ്പിച്ചു. അയാളുടെ ദേഹം വിയർപ്പിൽ മുങ്ങിയിരുന്നു. അയാൾ അരയിൽനിന്നു കുപ്പിയെടുത്തു കുറച്ചു വെള്ളം എടുത്തുകുടിച്ചു. കുപ്പി

പൂർവ്വസ്ഥാനത്തുതന്നെ ഉറപ്പിച്ചു. അനന്തരം ഒരു കുററിയെടുത്ത് അവിടെ അടിച്ച് നേരെ ഇടത്തോട്ടുതിരിഞ്ഞു; മുളച്ചുയൎന്നുനില്ക്കുന്ന പുല്ലിൽക്കൂടി, ആ ചുട്ടുപൊള്ളുന്ന വെയിലത്ത് അയാൾ പിന്നേയും നടന്നു. അയാൾ കുറച്ചുദൂരം ചെന്നശേഷം തല പതുക്കെ ആകാശത്തേക്കു ഉയൎത്തി. ഉച്ചയായി! അയാൾ ക്ഷീണംതീൎക്കുവാനായി കുറച്ചുസമയം അവിടെ ഇരുന്നു. പിന്നെ കുറച്ചു റൊട്ടിയെടുത്തു ഭക്ഷിച്ചു. അയാൾ അധികസമയം അവിടെ ഇരുന്നില്ല. എന്തുകൊണ്ടെന്നാൽ ക്ഷീണംകൊണ്ട് ഒരുപക്ഷെ, ഉറങ്ങിപ്പോയാലോ?

അയാൾ കുറച്ചുസമയംകൊണ്ട് ക്ഷീണം തീൎത്തു വീണ്ടും പുറപ്പെട്ടു. റൊട്ടികഴിച്ച് വിശപ്പടക്കിയിരുന്നതുകൊണ്ട് ആദ്യം അയാൾക്കത്ര ക്ഷീണം തോന്നിയിരുന്നില്ല. എങ്കിലും, കുറച്ചുചെല്ലുന്തോറും ചൂട വൎദ്ധിക്കുവാൻ തുടങ്ങി. പകൽഹം വല്ലാതെ കഴിഞ്ഞുപോയി, അപ്പോഴും അയാളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ തന്റെ ദുരാഗ്രഹം നീറിക്കത്തുന്നുണ്ടായിരുന്നു. "ഒരു മണിക്കൂർ വിഷമിച്ചാലും നൂറാണ്ടുകാലംകൊണ്ടുള്ള സമ്പാദ്യമല്ലേ?" അയാൾ ഒരു മൂന്നുനാഴിക പിന്നേയും പോയി, ഇടത്തോട്ട തിരിക്കാമെന്ന് തീൎച്ചയാക്കി. പക്ഷെ, അതിന്നുമുൻപ് അയാളുടെ ശ്രദ്ധ അടുത്തു പരന്നുകിടക്കുന്ന കുറച്ചു സ്ഥലത്തേയ്ക്കു പതിഞ്ഞു. അതു നല്ല ഫലപുഷ്ടിയുള്ള ഒരു സ്ഥലമാണ്. അയാൾ അവിടേക്കു നടന്നു, പിന്നെ അവിടെ ഒരു കുററി അടിച്ചു, അനന്തരം പിന്നാക്കം ഇടത്തോട്ടു തിരിഞ്ഞു. അങ്ങകലം,

പുറപ്പെട്ടസ്ഥാനത്തു ജനസഞ്ചയം മങ്ങിയ, അവ്യക്തമായ വെറും ഒരു നിഴൽപോലെ മാത്രമേ കണ്ടിരുന്നുള്ളു. അവർ ഇപ്പോൾ ഏകദേശം 8 നാഴിക അകലെയായിരിക്കാം. ഏതായാലും വളരെയധികം സ്ഥലം ഇപ്പോൾ കൈവശമാക്കി, ഇനി അങ്ങോട്ടുതിരിയുകതന്നെ!

അയാൾ ആ മങ്ങിയ നിഴലിനെ ലക്ഷ്യംവെച്ചുകൊണ്ട് കുതിച്ചു. അതിനിടയിൽ അയാൾ ഒരുപ്രാവശ്യംകൂടി ആകാശത്തിലേക്ക തല ഉയർത്തി. സായാഹ്നമായി. അതിനിടക്ക് ആകപ്പാടെ ഒന്നരനാഴിക കഴിഞ്ഞിട്ടുള്ളു. തുടക്ക സ്ഥാനത്തേക്ക് എത്തണമെങ്കിൽ ഇനിയും ധാരാളം വഴിയുണ്ട്. ഏതായാലും അസ്തമിക്കുന്നതിന്നുമുമ്പ് അവിടേക്ക് എത്തുകതന്നെ. ധാരാളം ഭൂമി ഇപ്പോൾ കൈവശമാക്കി കഴിഞ്ഞു.

അയാളുടെ ഞരമ്പുകൾ നല്ലവണ്ണം തളൎന്നിരുന്നു, കൈകാലുകൾ കുഴഞ്ഞു. "ഇപ്പോൾ ഇവിടെയൊന്നു വിശ്രമിച്ചാൽ—അസ്തമനത്തിന്നുമുമ്പ് അവിടേക്കെത്തിയില്ലെങ്കിൽ യാതൊരു പ്രയോജനവും ഇല്ല. ഇനിയും ധാരാളം വഴി അവിടേക്കെത്തുവാനുണ്ട്." അയാൾ തന്നത്താൻ ചിന്തിച്ചു. അപ്പോഴേക്കും ഞാൻ ചാകാറായി. അവിടേക്കെത്തിയില്ലെങ്കിൽ എന്റെ അദ്ധ്വാനവും പണവും നശിക്കും! ഏതായാലും കഴിയുന്നത്ര ഓടുകതന്നെ!"

പാക്കഹം തന്നത്താൻ കുതിച്ച് ഓട്ടംതുടങ്ങി. അയാളുടെ കാലിൽ രക്തപ്രവാഹം നിലച്ചു എന്ന നിലയിലായിട്ടും അയാൾ നിന്നില്ല. അയാളുടെ തൊപ്പിയും കുപ്പായവും

ഓരോന്നായി അതിനിടയിൽ അയാഠം വലിച്ചെറിഞ്ഞു. അയാളുടെ ഹൃദയത്തിലെങ്ങും കരിംപുക തിങ്ങി വ്യാപിക്കുവാൻ തുടങ്ങി. "അയ്യോ! എനിക്കവിടം ചെന്നുപറ്റുവാൻ കഴിയുകയില്ലെന്നോ?" അയാളുടെ ഭയവും നൈരാശ്യവും അയാളെ ശ്വാസംമുട്ടിച്ചു. എന്നിട്ടും തൻെറ സർവ്വശക്തികളും പ്രയോഗിച്ചു് അയാഠം ഓടി. അയാളുടെ കാലുറയെല്ലാം ദേഹത്തോട്ട് ഒട്ടിച്ചേർന്നു; നാവു വരണ്ടു. ഒരു കൊല്ലൻെറ ഊത്തുകൽപോലെ അയാളുടെ മാറിടം ഉയർന്നുപൊങ്ങുവാൻതുടങ്ങി. അയാളുടെ ഹൃദയം ഒരു ആവിയന്ത്രം പോലെ പുകഞ്ഞു. കൈകാലുകഠം അയാളുടെ ശരീരത്തിൽനിന്നു് മാംസബന്ധങ്ങഠം വേറിട്ടു് അഴഞ്ഞുപോയതുപോലെ തോന്നി. അയാളുടെ ഭൂമിയെക്കുറിച്ചുള്ള എല്ലാ മധുരസ്വപ്നങ്ങളും അസ്തമിച്ചു. ആ സമയത്തു് മരണത്തിൽനിന്നു വിമുക്തിനേടുവാനുള്ള ഏകമാർഗ്ഗം മാത്രമേ അയാളുടെ ചൂടുപിടിച്ച പ്രജ്ഞയിൽ ഉണ്ടായിരുന്നുള്ളു. അയാഠം തന്നത്താൻ നിർത്തുവാനാകാതെ ചത്തുപോകുമെന്ന നിലയിലായി. എന്തിനു ഞാൻ ഇപ്രകാരമുള്ള ഒരു വിഢിയായിത്തീരണം.........?!!

അകലത്തുനിന്നു് ആ ഗ്രാമനിവാസികളുടെ കൂവലുകളും ഹസ്തതാഡനങ്ങളും മുഴങ്ങിക്കൊണ്ടിരുന്നു.

സൂര്യൻ പടിഞ്ഞാറെ ചക്രവാളത്തിൽ തലചായ്ക്കുവാൻ തുടങ്ങി. അയാഠം അവസാനത്തെ ചേതന മുഴവൻ എടുത്തുകൊണ്ടു് ഓടി. അയാഠം സ്ഥലത്തിനോട്ട് ഏകദേശം അടുത്തെത്തിക്കഴിഞ്ഞു. അവിടെ തിങ്ങിക്കൂടിനി

ല്ലന്ന ജനങ്ങളെ അയാറംക്ക വ്യക്തമായി കാണാമായിരുന്നു. നിലത്തുകിടക്കററ തൊപ്പിയും അതിലെ പണസഞ്ചിയും അയാറം നല്ലവണ്ണം കണ്ടു. ഗ്രാമാധിപൻ അതിൻെറ അടുത്തുതന്നെ ഇരിക്കുന്നുണ്ട്. "എനിക്ക ഭൂമിയില്ലെങ്കിലും ഞാൻ ജീവിക്കണമെങ്കിൽ ഇനി ദൈവസഹായംതന്നെ വേണം!" പക്ഹം ഹൃദയംനൊന്തു പ്രാർത്ഥിച്ചു. "ഞാൻ തന്നെ എനിക്കുള്ള ശവക്കുഴി കുഴിച്ചു." എന്നാലും അയാറം നിത്താതെ ഓടി. അയാറം അവസാനമായി പടിഞ്ഞാറെ ചക്രവാളത്തിലൊന്ന് കണ്ണോടിച്ചു. ഒരു ചുകന്നഗോളം—അതുമിക്കവാറും ഭൂമിയോടുതൊട്ടുകഴിഞ്ഞു, ചക്രവാളത്തിൽനിന്നു മറയുകയായി.

"അയ്യോ!" പക്ഹം അറിയാതെ പൊട്ടിക്കരഞ്ഞുപോയി. നൈരാശ്യത്താലും ക്ഷീണത്താലും അയാറംക്ക കണ്ണുകാണാതെയായി. അവിടെ തിങ്ങിക്കൂടി നിന്നിരുന്ന ജനസഞ്ചയത്തെ അയാറംക്ക് കാണുവാൻ സാധിക്കുന്നില്ല.

സൂര്യൻ മറഞ്ഞു.

അയാളുടെ പണക്കിഴിവെച്ച തൊപ്പി അവിടെ ഇരിക്കുന്നുണ്ട്. അതിൻെറ അടുത്തേയ്ക്കു് അയാറം കുതിച്ചു.

അയാറം നിലംപതിച്ചു. മരണത്തിൻെറ അവസാനത്തെ അഭ്യർത്ഥനയെന്നതുപോലെ അയാളുടെ കൈവിരലുകറം ആ തൊപ്പിമേൽ സ്പശിച്ചു.

"ഹാ! പാവപ്പെട്ട മനുഷ്യാ! നിങ്ങറം ധാരാളം ഭൂമി സമ്പാദിച്ചുകഴിഞ്ഞു." ഗ്രാമാധിപൻ ഉറക്കെ വിളിച്ചുപറഞ്ഞു.

പക്ഹത്തിന്റെ വേലക്കാരൻ അടുത്തേയ്ക്കു് ഓടിച്ചെന്നു്, യജമാനന്റെ ശരീരം എടുത്തു പൊക്കുവാൻ ശ്രമിച്ചു. പക്ഷെ, വായിൽനിന്നു ചുടുരക്തം ധാരധാരയായി ഒഴുകി വന്നിരുന്നു. ഭൃത്യൻ പൊട്ടിക്കരഞ്ഞു. ഗ്രാമാധിപൻ അയാളുടെ പീഠത്തിൽ നിശ്ചലനായി ഇരുന്നുകൊണ്ടു് പുഞ്ചിരിതൂകി.

ഗ്രാമാധിപൻ അവിടെനിന്നു് എഴുന്നേററു് ഒരു തൂമ്പായെടുത്തു ഭൃത്യന്റെ നേർക്കു വലിച്ചെറിഞ്ഞു. എന്നിട്ടു കല്പിച്ചു:

“അവനെ കുഴിച്ചിടുക.”

ആ ഗ്രാമനിവാസികളും ഓരോരുത്തരായി പിരിഞ്ഞു പോകുവാൻ തുടങ്ങി. ഭൃത്യൻ മാത്രം അവിടെ അവശേഷിച്ചു. ഭൃത്യൻ ആ ആറടി മണ്ണിൽ, ഒരു കുഴികുഴിച്ചു്, പക്ഹത്തെ അതിൽ കിടത്തി മണ്ണിട്ടു മൂടി.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. HF9 Dev-V    Acc. No. 4937

This book should be returned on or before the date last stamped below.

2 APR 1966
6 JUN 1966
15 APR 1969
19 AUG 1969

MF9 4937

പുലി.ക്കോടൻ ഡേവിഡ്
വെടിയുണ്ട.